# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൈനകരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-ALP-P-2/850/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൈനകരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-2/850/2021 തീയ്യതി: 28/09/2021

## ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 31-08-2021 | 14-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 31-08-2021 | 14-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പി സാബു, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ജയകൃഷ്ണ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീദേവി.ആർ, സീനി.ഗ്രേഡ് ഓഡിറ്റർ
ഷിബു.എ.പി, സീനി.ഗ്രേഡ് ഓഡിറ്റർ
പ്രീത, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീല സജീവ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഉദ്യോഗസ്ഥ ഭരണം | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| എം.സി.പ്രസാദ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| പി.വി.വിനോദ് | സെക്രട്ടറി | 01-04-2020 | 15-06-2020 |
| ടി.എഫ്.സെബാസ്റ്റ്യൻ | സെക്രട്ടറി | 16-06-2020 | 31-05-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രുതി | കൃഷി ഓഫീസർ | 01-04-2020 | 30-09-2020 |
| പ്രദീപ് | കൃഷി ഓഫീസർ | 01-10-2020 | 16-11-2020 |
| അശ്വതി | കൃഷി ഓഫീസർ | 16-11-2020 | 01-03-2021 |
| പ്രദീപ് | കൃഷി ഓഫീസർ | 02-03-2021 | 03-03-2021 |
| ശ്രീലക്ഷ്മി | കൃഷി ഓഫീസർ | 04-03-2021 | 31-03-2021 |
| ഡോ.മേരിക്കുഞ്ഞ് | വെറ്റി.സർജൻ | 01-04-2020 | 31-03-2021 |
| അനില ശശിധരൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ശരത്ചന്ദ്രബോസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.സജി ഉമ്മൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 10-02-2021 |
| ഡോ.മനോജ് എ.എം | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 11-02-2021 | 31-03-2021 |
| അലക്സ്.പി.ജെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ചന്ദ്രലേഖ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| സുജ ഫിലിപ്പ് | എച്ച്.എം | 01-04-2020 | 31-03-2021 |
| ബിനോയ് ബോസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| സെറീന പി.എസ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| അഹുൽ ദേവ്.വി.സി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഇന്ദു.ബി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| രാജി.ആർ.നായർ | ഡയറി ഫാം | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഇൻസ്ട്രക്ടർ | | |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayakrishna R (Asst. Audit Officer, On 14-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(എ).സി.ആർ പ്രകാരം)<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-6 |
| 7 | തൊഴിലുറപ്പു പദ്ധതി<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 14-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-10 |
| 11 | മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-11 |
| 12 | ആരാധാനലയങ്ങളോടൊപ്പമുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല<br>Written By: A.P.Shibu (Senior Grade Auditor, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Preetha (Auditor, On 15-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-13 |
| 14 | ലേല തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല.<br>Written By: Preetha (Auditor, On 15-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-14 |
| 15 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക / സേവനങ്ങൾ) - അപാകങ്ങൾ<br>Written By: Preetha (Auditor, On 15-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-15 |
| 16 | വാടക ഈടാക്കിയിട്ടില്ല.<br>Written By: Preetha (Auditor, On 15-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-16 |
| 17 | ലാപ്ടോപ്പ് വിതരണം-വാങ്ങൽ രേഖകൾ | 1-17 |

| | | |
|---|---|---|
| | ഹാജരാക്കിയിട്ടില്ല<br>Written By: Jayakrishna R (Asst. Audit Officer, On 14-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | |
| 18 | ഓഫീസ് നെറ്റ് വർക്കിംഗ് പൂർത്തീകരിച്ചില്ല -54816 രുപ തടസ്സപ്പെടുത്തുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-18 |
| 19 | റിവോൾവിംഗ് ഫണ്ട് തിരിച്ചടയ്ക്കാത്തത് സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-19 |
| 20 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Preetha (Auditor, On 15-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-20 |
| 21 | വാങ്ങൽ നടപടികൾ-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല-<br>Written By: Jayakrishna R (Asst. Audit Officer, On 14-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-21 |
| 22 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 15-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-22 |
| 23 | തൊഴിലുറപ്പ് പദ്ധതി അപാകതകൾ കയർഭൂവസ്ത്രം: മുളയാണി ഉണ്ടാക്കിയതിനുള്ള പ്രവർത്തി വിവിധ ഇനങ്ങളിലായി ആവർത്തിച്ചുവന്നു. അധികച്ചെലവ് അനുവദനീയമല്ല.<br>Written By: Jayakrishna R (Asst. Audit Officer, On 14-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-23 |
| 24 | ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തിയാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 15-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-24 |
| 25 | വിവിധ വാർഡുകളിൽ ആർ.ഒ. പ്ലാന്റ് സ്ഥാപിക്കൽ - കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തികൾ ആരംഭിച്ചില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 15-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-25 |
| 26 | ആയുർവേദാശുപത്രിക്ക് മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Preetha (Auditor, On 15-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-26 |
| 27 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -ബിൽപ്രകാരമുള്ളതിലും അധികം തുക നൽകി<br>Written By: Sreedevi.R (Senior Grade Auditor, On 14-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-27 |
| 28 | നിയമാനുസൃത കാലയളവിലും അധികരിച്ച് പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുന്നു-<br>Written By: P.Sabu (Audit Officer (HG), On 14-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-28 |
| 29 | സംരക്ഷണഭിത്തിയുടെ ഉയരത്തെക്കാൾ കൂടുതൽ ഫില്ലിംഗ് നടത്തിയത് മൂലം അധിക ചെലവ്-<br>Written By: P.Sabu (Audit Officer (HG), On 14-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-29 |
| 30 | നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്തവരിൽ നിന്നും പിഴ ഈടാക്കിയില്ല-<br>Written By: P.Sabu (Audit Officer (HG), On 14-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-30 |

| | | |
|---|---|---|
| 31 | സാമൂഹ്യ സുരക്ഷാ പെൻഷൻ – വിതരണത്തിലെ അപാകതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 15-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-31 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- ഏജൻസികൾ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുന്നില്ല<br>Written By: Sreedevi.R (Senior Grade Auditor, On 15-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-32 |
| 33 | കനകാശ്ശേരി എസ്.സി. കോളനിയിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- പ്രവൃത്തി യഥാസമയം പൂർത്തിയാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 15-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-33 |
| 34 | മരാമത്ത് പ്രവർത്തികളിൽ ഭൂരിഭാഗവും 5 ലക്ഷത്തിൽ താഴെയുള്ള പ്രവർത്തികൾ-മത്സര സ്വഭാവം നഷ്ടമാകുന്നു-<br>Written By: P.Sabu (Audit Officer (HG), On 14-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-34 |
| 35 | മരാമത്ത് പ്രവർത്തികൾക്കായി ചെലവഴിക്കപ്പെടുന്ന തുകയിൽ ഭൂരിഭാഗവും ആസ്തി നിർമ്മാണത്തിനുപകരിക്കാത്ത ആവർത്തനചെലവുകളായി മാറുന്നു<br>Written By: P.Sabu (Audit Officer (HG), On 14-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-35 |
| 36 | പദ്ധതി ചെലവിന്റെ നല്ലൊരു പങ്കും ചെലവഴിക്കപ്പെടാതെ പാഴായി-<br>Written By: P.Sabu (Audit Officer (HG), On 14-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-36 |
| 37 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്-<br>Written By: P.Sabu (Audit Officer (HG), On 14-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-37 |
| 38 | ഗ്രാമപഞ്ചായത്തിൽ ഉപയോഗത്തിലുള്ള പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കിയതിൽ ആധികാരികതയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 17-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-38 |
| 39 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-39 |
| 40 | ലൈഫ് ഭവനപദ്ധതി -അവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 1-40 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തൊഴിലുറപ്പ് പദ്ധതി-മുളയാണി ഉണ്ടാക്കുന്നതിനുള്ള പ്രവർത്തി ആവർത്തിച്ച് അധികച്ചെലവ്.<br>Written By: Jayakrishna R (Asst. Audit Officer, On 15-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 3-1 |
| 2 | സംരക്ഷണ ഭിത്തിയുടെ ഉയരത്തേക്കാൾ അധികം ഫില്ലിംഗ്-അധികച്ചെലവ് | 3-2 |

| | | |
|---|---|---|
| | Written By: Jayakrishna R (Asst. Audit Officer, On 15-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ബജറ്റ് 16/03/2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 134887700 | 133656000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 168700949 | 159945835 |

## 1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യപത്രികയുടെ പരിശോധനാ വിവരം ചുവടെ ചേർക്കുന്നു:

1.ബാലൻസ് ഷീറ്റ് ബി-11ഷെഡ്യൂളിലുള്ള ആസ്തി വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ടി വിവരങ്ങൾ ഒത്തുനോക്കുന്നതിലേക്ക് ക്ഷമതയുള്ള വിധത്തിൽ ആസ്തിരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിൽ ആസ്തി മൂല്യം രേഖപ്പെടുത്തപ്പെടുന്നില്ല.

2.ആർ.പി 43 യിലുള്ള വസ്തുനികുതി (കറന്റ്& അരിയർ) ഒത്തുനോക്കുന്നതിലേക്ക് സഞ്ചയ സോഫ്റ്റ്‌വെയറിലുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

3.ഗുണഭോക്തൃവിഹിതം ഇനത്തിൽ(ഹെഡ് 320800101) 29713/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. മുൻവർഷവും ഇതേ തുകയാണ് ഉള്ളത്. വിശദാംശങ്ങൾ (നീക്കിയിരിപ്പ് വന്നത് ഏത് പ്രോജക്ടുമായി ബന്ധപ്പെട്ട്, ചെലവായതിന്റെ വിവരം) ലഭ്യമാക്കിയിട്ടില്ല.

4.ബി-5 ഷെഡ്യൂളിലുള്ള Secured Loan From Co-Operative Banks ഇനത്തിൽ 12300/- രൂപ തന്നെയാണ് തൻവർഷവും മുൻവർഷവും നീക്കിയിരിപ്പുള്ളത്. ഇ.എം.എസ് ഭവന വായ്പയുടെ മുതൽ ഇനത്തിൽ രണ്ട് സഹകരണ ബാങ്കുകൾക്കായി നല്കാനുള്ള തുകയാണ് ഇതെന്നും അടുത്ത സാമ്പത്തിക വർഷം ടി തുക ഉൾപ്പെടുത്തുന്ന പ്രോജക്ട് ഏറ്റെടുക്കുന്നുണ്ടെന്നുമാണ് മറുപടി നല്കിയത്.
(ഓഡിറ്റ് അന്വേഷണം 9/20-21)

5.ട്രഷറി നോൺബാങ്കിങ് സംവിധാനത്തിന്റെ കാലഘട്ടത്തിൽ ആരംഭിച്ച എസ്.ബി.ടി പ്ലാൻ അക്കൌണ്ടിൽ നിലവിൽ ഇടപാടുകൾ ഇല്ലാതെ ബാങ്ക് ചാർജ്ജസ് മാത്രം ഈടാക്കപ്പെട്ട് വരികയാണ്. ടി അക്കൌണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കിക്കൊണ്ട് അക്കൌണ്ട് ക്ലോസ് ചെയ്യാവുന്നതാണ് (ഓഡിറ്റ് അന്വേഷണം.30/20-21)

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15064157 |
| വരവ് | 79138415 |
| ആകെ | 94202572 |
| ചെലവ് | 77177882 |
| നീക്കിയിരിപ്പ് | 17024690 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ള എല്ലാ വരവും ചെലവും)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | 0 | 26950384 | 26950384 | 26950384 | 0 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 3553701 | 3553701 | 3553701 | 0 |

| | | | | | |
|---|---|---|---|---|---|
| വി.ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 2424078 | 2424078 | 2424078 | 0 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 5189982 | 5189982 | 5189982 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied | 0 | 3493523 | 3493523 | 3493523 | 0 |
| Untied | 0 | 9826594 | 9826594 | 9826594 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 178 | 134449155 | 106 | 62183543 | 26 | 46 | 59 |

## 1-6 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25320 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 30673400 | 93 |
| വിധവാ പെൻഷൻ | 7371300 | 84 |
| വാർദ്ധക്യകാല പെൻഷൻ | 12530700 | 91 |
| വികലാംഗ പെൻഷൻ | 3603200 | 29 |
| അവിവാഹിത പെൻഷൻ | 377100 | 55 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 180000 | 6 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 374714 | 825539 | 1200253 | 1137334 | 62919 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 49097838 | 49097838 | 49097838 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.09.2021 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11585/- രൂപ ക്യാഷ്

ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

2.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

3.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരംരേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല.സ്റ്റോക്ക് എൻട്രി ചുമതലപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷപ്പെടുത്തിയിട്ടില്ല.

4.തെരുവ് വിളക്കുകളുടെ വാങ്ങൽ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അവ കെഎസ്സ്ഇബിക്ക് കൈമാറിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

5. കമ്പ്യൂട്ടർ, ഫർണിച്ചർ സ്റ്റേഷനറീസ് എന്നിവയ്ക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6.വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

7. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

9.തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

10.തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

11.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവർത്തികളുടെ ബില്ലുകൾ നൽകുമ്പോൾ വേണ്ടത്ര സൂക്ഷ്മത പുലർത്തുന്നില്ല.

12. താരതമ്യേന തനത് വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കുന്നതായി കാണുന്നില്ല.(ഉദാ.ടൂറിസത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി ഹൌസ് ബോട്ടുകൾ നങ്കൂരമിടുന്നുണ്ട്.എന്നാൽ ഇവയിൽ നിന്നും യാതൊരു വരുമാനവും പഞ്ചായത്തിന് ലഭിക്കുന്നില്ല.)

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 2021 ഓഗസ്റ്റ് | 04/21 -06/21 | 2021 ഓഗസ്ററ് |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2018 ഫെബ്രുവരി | 2012-2016 | ഫെബ്രുവരി 2018 |

## 1-11 മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച്

1)മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. കൈനകരി ഗ്രാമപഞായത്തിന്റെ വസ്തുനികുതി പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ 9ാം വാർഡിൽ ബിഎസ്എൻഎല്ലിന്റെ മൊബൈൽ ടവ്വർ സ്ഥിതി ചെയ്യുന്നതായി ബോധ്യപ്പെട്ടു.എന്നാൽ ടി ടവ്വറിന്റെ അസ്സസ്സ്മെന്റ് വിവരങ്ങളോ ,വസ്തുനികുതി അടച്ച വിവരങ്ങളോ

സഞ്ചയയിൽ ലഭ്യമല്ല.മേൽ ബി.എസ്,എൻ എൽ ടവ്വറിന്റെ വസ്തുനികുതി സംബന്ധിച്ച ഫയലുകളും ,വസ്തുനികുതി അടച്ച വിവരങ്ങളും ഓഡിറ്റിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

2) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിലയൻസിന്റെ മൊബൈൽ ടവറിന്റെ 2012-13 അർദ്ധവർഷം മുതൽ മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ്/ വാതിൽ നമ്പർ | ഉടമസ്ഥന്റെ പേര് | വർഷം | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | 9/58 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | | |
| | | | 2013-14 | 3098 |
| | | | 2014-15 | 4725 |
| | | | | 4725 |
| | | | 2015-16 | 4725 |
| | | | | 4725 |
| | | | 2016-17 | 4725 |
| | | | | 4725 |
| | | | 2017-18 | 4725 |
| | | | | 4725 |
| | | | 2018-19 | 4725 |
| | | | | 4725 |
| | | | 2019-20 | 4725 |
| | | | | 4725 |
| | | | 2020-21 | 4725 |
| | | | | 4725 |
| | | | ആകെ | 69248 |

മേൽ മൊബൈൽ ടവ്വറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ അന്വേഷണം 20/20-21/08-9-2021 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നവെങ്കിലും ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ബി.എസ്.എൻ.എൽ ടവ്വർ ഒരു സ്വകാര്യവ്യക്തിയുടെ വസ്തുവിൽ സ്ഥിതി ചെയ്യുന്നതാണെന്നും ടി ടവ്വറിന് കെട്ടിട നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിട നികുതി ഒടുക്കാത്ത റിലയൻസ് കമ്മ്യൂണിക്കേഷന് ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മൊബൈൽ ടവ്വറുകളിൽ നിന്നും വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ആരാധാനലയങ്ങളോടൊപ്പമുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആരാധാനലയങ്ങളോടൊപ്പമുള്ള ഓഡിറ്റോറിയങ്ങൾ, ഓഫീസ് ബിൽഡിംഗുകളിൽ എന്നിവകളിൽ നിന്നും വസ്തുനികുതി ഈടാക്കിയതായി കാണുന്നില്ല.കേരള പഞ്ചായത്ത് രാജ് ആക്ട് വസ്തുനികുതി ചട്ടം 207 (എ) പ്രകാരം പൊതു ആരാധനയ്ക്കായി നീക്കിവെച്ചിട്ടുള്ളതും ,യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിയ്ക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് ഉപയോഗിയ്ക്കുന്നതുമായ കെട്ടിടങ്ങൾ,മതപഠനശാലകൾ എന്നിവയെയാണ് വസ്തുനികുതി,ഉപനികുതി മുതലായവയിൽ നിന്നും ഒഴിവാക്കാൻ നിർദ്ദേശിച്ചിരിയ്ക്കുന്നത് വിശദവിവരങ്ങൾ ചുവടെ -

| ക്രമനം | കെട്ടിടത്തിന്റെ പേര് | വാർഡ്നം/ കെട്ടിട നം | റിമാർക്ക്സ് |
|---|---|---|---|
| 1 | ചങ്ങംകരി ദേവസ്വം ഓഫീസ് | 3/12 | സഞ്ചയയിൽ ആരാധനാലയങ്ങൾ എന്ന വിഭാഗത്തിൽ പെടുത്തി വസ്തുനികുതയിൽ നിന്നും ഒഴിവാക്കിയിരിയ്ക്കുന്നു |
| 2 | ശ്രീനാരായണ സാംസകാരിക കേന്ദ്രം | 4/86 | സഞ്ചയയിൽ ആരാധനാലയങ്ങൾ എന്ന വിഭാഗത്തിൽപെടുത്തി വസ്തുനികുതയിൽ നിന്നും ഒഴിവാക്കിയിരിയ്ക്കുന്നു |

| | | | |
|---|---|---|---|
| | ,ഗുരുമന്ദിരം | | |
| 3 | വേലിക്കാട്ടുതറ ക്ഷേത്രം | 4/172 | സഞ്ചയയിൽ ആരാധനാലയങ്ങൾ എന്ന വിഭാഗത്തിൽ പെടുത്തി വസ്തുനികുതയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു |
| 4 | നിത്യസഹായ മാതാ ചാപ്പൽ | 8/393 | സഞ്ചയയിൽ ആരാധനാലയങ്ങൾ എന്ന വിഭാഗത്തിൽ പെടുത്തി വസ്തുനികുതയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു |
| 5 | സി.എം.എസ് പള്ളി | 8/133 | സഞ്ചയയിൽ ആരാധനാലയങ്ങൾ എന്ന വിഭാഗത്തിൽ പെടുത്തി വസ്തുനികുതയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു |
| 6 | സെയിന്റ് മേരി ചർച്ച് | 8/192 | സഞ്ചയയിൽ ആരാധനാലയങ്ങൾ എന്ന വിഭാഗത്തിൽ പെടുത്തി വസ്തുനികുതയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു |

മേൽ ആരാധാനലയങ്ങളുടെ അനുബന്ധ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാനും കെട്ടിടനികുതി ഒഴിവാക്കി കൊടുത്തിട്ടുണ്ടെങ്കിൽ അത് എന്ത് കൊണ്ടാണെന്നും വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി .നം 14/08-09-21 പ്രകാരം ആവശ്യപ്പെട്ടിരുന്നു ആയതിന് ലഭ്യമാക്കിയ മറുപടിയിൽ 3/12,4/86,3/172 എന്നീ കെട്ടിടങ്ങൾക്ക് അനുബന്ധമായി പ്രവർത്തിക്കുന്ന ആഫീസ് കെട്ടിടത്തിന് നിലവിൽ നം. ഇല്ല എന്നും, കെട്ടിട നം അനുവദിക്കുന്നതിനായി രേഖകൾ ലഭ്യമാക്കുന്നതിന് രേഖാ മൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും,8/393,8/133,8/192 എന്നീ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി ഫീൽഡ് തല അന്വേഷണം നടത്തി റിപ്പോർട്ടനുസരിച്ച് തുടർനടപടി സ്വീകരിച്ച ശേഷം രേഖകൾ ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതിനോടൊപ്പം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മറ്റ് ആരാധനാലയങ്ങളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വസ്തുനികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ,സ്വകാര്യമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയതായോ കാണുന്നില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | പി എച്ച് സി,NRHM | 1&2 |
| 2. | സർവ്വീസ് കോപ്പറേറ്റിവ് ബാങ്ക്-1673 | 1&2 |

അതുപോലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | വനിത ക്ഷീര കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 1&2 |
| 2 | ക്ഷീരോൽപാദക സൊസൈറ്റി. | 1&2 |
| 3 | ഇസാഫ് | 2 |
| 4 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് | 1&2 |

കൂടാതെ പഞ്ചായത്തിലെ റേഷൻ ഡിപ്പോകളിലെയും കള്ള് ഷാപ്പിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.17/2020-21 തീ.09.09.2021) നൽകിയതിന്റെ മറുപടി പ്രകാരം തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ലേല തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലേലം സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ശ്രീ സുമേഷ് പി.എസ് 15/2020-21 പവ്വത്തുശ്ശേരി,കുപ്പപുറം പി.ഒ എന്നയാൾ 2020-21 സാമ്പത്തിക വർഷത്തിൽ ലേലത്തിൽ ഉൾപ്പെട്ടിരുന്ന വാർഡ്-1 കുപ്പപുറം പാടശേഖത്തിലെ പഞ്ചായത്ത് വക നിലം 8650/- ലേല തുകയിൽ സ്ഥിരപ്പെടുത്തി നൽകിയിരുന്നു.ടി തുകയിൽ നിന്നും 2000/-രൂപ ഒടുക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ ലേലത്തിൽ നിന്നും പഞ്ചായത്തിൽ ഈടാക്കേണ്ടതായ ബാക്കി തുക 6650/-രൂപ നാളിതുവരെ ഈടാക്കാത്തതിനെ സംബന്ധിച്ച് രേഖാമൂലം മറുപടി ലഭ്യമാക്കാൻ ആരാഞ്ഞു നൽകിയ -ഓഡിറ്റ് അന്വേഷണത്തിന് (നം.15/20-21 തീ.8.9.21)മറുപടി നൽകിയിരിക്കുന്നത് ടി പാടശേഖരത്തിലൂടെ കുരുവാറ്റ കുപ്പപ്പുറം റോഡ് വന്നതിനാൽ ടിയാന് കൃഷി ചെയ്യാൻ സാധിച്ചില്ലായെന്നും ആയതിനാൽ ബാക്കി തുകയായ 6650/-രൂപ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി നൽകണമെന്നും അപേക്ഷിച്ചിരുന്നു.ടിയാന്റെ അപേക്ഷ 02/06/2021 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.ടി വിഷയം ചർച്ച ചെയ്ത കമ്മറ്റി ആവശ്യമായ നിയമാനുസരണ നടപടിയ്ക്ക് 02/06/2021 തിയതിയിലെ 13(1) നമ്പർ തീരുമാന പ്രകാരമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.പഞ്ചായത്ത് വരുമാനത്തിലുണ്ടായ കുറവായതിനാൽ ടി വിഷയം ധനകാര്യ സ്റ്റാൻിംഗ് കമ്മറ്റിയിൽ അജണ്ടയായി സമർപ്പിച്ചിരിക്കുകയാണ്.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം പഞ്ചായത്ത് കമ്മറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് തീരുമാനമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന വിവരം അറിയിച്ചിട്ടുണ്ട്.മേൽ വിഷയത്തിൽ സ്വീകരിക്കുന്ന നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക /സേവനങ്ങൾ) - അപാകങ്ങൾ

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ,റേഷൻ കടകൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പ്, റേഷൻ കടകൾ എന്നിവയുടെ ലൈസൻസ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി നൽകിയ മറുപടി പ്രകാരം ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണ് (നം.18/2020-21/9.9.21) മറുപടി നൽകിയിട്ടിണ്ട്.1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ)അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്

## 1-16 വാടക ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വനിത ഹോട്ടലിന്റെ വാടക 09/2020 വരെ മാത്രമേ അടവാക്കിയിട്ടുള്ളു. 10/2020 മുതൽ 03/21 വരെയുള്ള കെട്ടിട വാടക തുക 8250/- രൂപയും,പിഴപലിശ,ജി.എസ്.ടി,എസ്.ടി ഉൾപ്പടെ 1791/-രൂപയും ചേർത്ത് ആകെ 10041/-രൂപ അടവാക്കായിട്ടില്ല. ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കാൻ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/20-21 തീ.7.9.21) തുക അടവാക്കുന്നതിന് ടിയാൾക്ക് കത്ത് നൽകിയിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്.ലോക്ക്ഡൌൺ കാലയളവിൽ സർക്കാർ ഉത്തരവ് പ്രകാരം കെട്ടിടവാടക ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിൽ അത് കിഴിച്ചുള്ള തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-17 ലാപ്ടോപ്പ് വിതരണം-വാങ്ങൽ രേഖകൾ ഹാജരാക്കിയിട്ടില്ല

ഹെഡ്മിസ്ട്രസ്, ഗവ.യു.പി.സ്കൂൾ ചേന്നങ്കരി 2020-21 വർഷം നിർവ്വഹണം നടത്തിയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ് എന്ന പ്രോജക്ടിൽ(സ്പിൽ ഓവർ പ്രോജക്ട്, നം.140/21) വികസനഫണ്ട് (ജനറൽ) നിന്ന് 510280/- രൂപയും തനത് ഫണ്ടിൽ നിന്ന് 16305/-രൂപയും ചെലവായതായി 2020-21ലെ ട്രഷറി ബിൽ ബുക്ക് ഹാജരാക്കിയത് പ്രകാരവും സുലേഖയിലുള്ള ചെലവ് പത്രികയിലും കാണുന്നു.

പ്രോജക്ടിൽ മുൻവർഷം(2019-20ലെ നം.32/20) തനത് ഫണ്ടിൽ നിന്ന് 16305/-രൂപയും ചെലവായിട്ടുണ്ടെന്നാണ് കാണുന്നത്, (മുൻവർഷം വികസനഫണ്ട് ചെലവ് ഇല്ലായിരുന്നു) ഇപ്രകാരം തൻവർഷവും മുൻവർഷവുമായി ആകെ

542890/-രൂപ (32610തനത് ഫണ്ടും, 510280വികസനഫണ്ടും)ചെലവഴിക്കപ്പെട്ടുവെങ്കിലും, ലാപ്ടോപ്പിന് വേണ്ടിയുള്ള 23വിദ്യാർത്ഥികളുടെ അപേക്ഷകളും ലാപ്ടോപ്പിന്റെ കൈപ്പറ്റും മാത്രമാണ് ഹാജരാക്കിയ ഫയലിലുള്ളത്.

ആകെ ചെലവ് 542890/-രൂപ ആയതിനാൽ 23604/-രൂപ വീതം ഒരു വിദ്യാർത്ഥിക്ക് ചെലവായതായി കാണുന്നു. എന്നാൽ ലാപ്ടോപ്പ് എവിടെ നിന്ന് വാങ്ങിയെന്നതിന്റെ വിവരമോ, ലാപ്ടോപ്പിന്റെ വിലവിവരം, ലാപ്ടോപ്പ് വാങ്ങൽ സംബന്ധിച്ച രേഖകളോ, ബില്ലോ ഫയലിൽ ലഭ്യമല്ല. ലാപ്ടോപ് വാങ്ങുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ, വാങ്ങിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ തൻവർഷത്തെ ചെലവ് 526585/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് അന്വേഷണം നം.16/20-21 ന് മറുപടി ലഭ്യമല്ല.)

## 1-18 ഓഫീസ് നെറ്റ് വർക്കിംഗ് പൂർത്തീകരിച്ചില്ല -54816 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം 13/20-21
പ്രോജക്ടിന്റെ പേര്-കൃഷി ഓഫീസ് നെറ്റ് വർക്കിംഗ്
അടങ്കൽ തുക-75000(മെയിന്റനൻസ് ഫണ്ട് റോഡിതരം)
ചെലവഴിച്ച തുക-54816

2020-21വർഷം കൃഷി ഓഫീസർ മേൽ പദ്ധതി നടപ്പാക്കിയ വഴി 54816/- രൂപ ചെലവഴിക്കുകയുണ്ടായി. ഫയൽ പരിശോധിച്ചതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു

1)30/03/21 ലെ ട്രഷറി ബിൽ റഫറൻസ് നം 20060452015001442732 പ്രകാരം 54816 രൂപ മാറിയതായി കാണുന്നു.എന്നാൽ ബില്ലിന്റെ പുറകുവശത്തെ ബെനിഫിഷ്യറി വിവരങ്ങളിൽ ബെനിഫിഷ്യറി വിവരങ്ങളും,ട്രാൻസ്ഫർ ചെയ്ത തുകയും,അക്കൗണ്ട് വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.'ടി തുക പി.ഡബ്ള്യു.ഡി ഇലക്ട്രോണിക്സ് വിഭാഗത്തിന് ലഭ്യമായോ ഇല്ലയോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.ടി തുകയുടെ കൈപ്പറ്റ് വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

2) 30/03/2021 ൽ തുക ട്രാൻസ്ഫർ ചെയ്തതാണ്.എന്നാൽ തുക ട്രാൻസ്ഫർ ചെയ്ത് 5മാസം കഴിഞ്ഞിട്ടും ഓഫീസ് നെറ്റ്വർക്കിംഗ് ജോലി തുടങ്ങിയിട്ടില്ല.ടി സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെട്ടതായി കാണുന്നില്ല.പി.ഡബ്ള്യു.ഡി ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നുമുള്ള എസ്റ്റിമേറ്റ് മാത്രമാണ് ഫയലിലുള്ളത്.ടി വിഭാഗവുമായുള്ള കത്തിടപാടുകളോ മറ്റുള്ള വിവരങ്ങളോ ഫയിലിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 25/20-21/10-09-2021 ൽ നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ടി പ്രോജക്ടിന് വേണ്ടി ചെലവഴിച്ച 54816 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 റിവോൾവിംഗ് ഫണ്ട് തിരിച്ചടയ്ക്കാത്തത് സംബന്ധിച്ച്

പ്രോജക്റ്റ് നം -S00117/21

പ്രോജക്ടിന്റെ പേര്- വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം

അടങ്കൽ തുക – 500000/-(വികസനഫണ്ട്)

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതിയിൽ നടപ്പാക്കിയത് വഴി രണ്ട് വനിതാ ഗ്രൂപ്പുകൾക്കായി 500000/-രൂപ റിവോൾവിംഗ് ഫണ്ടായി നൽകുകയുണ്ടായി വിശദവിവരങ്ങൾ ചുവടെ

| ക്രമനം | ഗ്രൂപ്പിന്റെ പേര് | നൽകിയ തുക/തീയതി | തിരിച്ചടവിന്റെ വിവരങ്ങൾ |
|---|---|---|---|
| 1 | കാമധേനു ക്ഷീരസാഗരം യൂണിറ്റ്<br>വാർഡ് നം 12 | 2,50,000 /21-04-2020 | 5000/- 05-02-2021<br>5000/- 02-07-2021 |
| 2 | തെളിമ ലോൺട്രി യൂണിറ്റ്<br>വാർഡ് നം 12 | 2,50,000 /21-04-2020 | 5000 /02-07-21 |

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം തിരിച്ചടവ് സഹായം ലഭിച്ച് മൂന്ന് മാസങ്ങൾക്ക് ശേഷം തിരച്ചടവ് ആരംഭിച്ചാൽ മതിയാകും.ഇപ്രകാരം 08/2020 ൽ തിരിച്ചടവ് തുടങ്ങേണ്ടതാണ്.എന്നാൽ ഇവിടെ തിരിച്ചടവ് തുടങ്ങിയത് 05-02-21ലും (ഗ്രൂപ്പ് 1).02-07-21 ലും മാത്രമാണ്.മാത്രമല്ല അടുത്ത തവണ അടയ്ക്കുന്നത്02-07-21 ൽ മാത്രമാണ്. തെളിമ ലോൺട്രി യൂണിറ്റ് 1 തവണ മാത്രമാണ് അടച്ചിരിയ്ക്കുന്നത്.സബ്സിഡി മാർഗ്ഗരേഖയിലെ സംരഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും(ഖ.21-2)ലെ നിർദ്ദേശപ്രകാരം

റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല താൽക്കാലികമായ പലിശരഹിത പ്രോത്സാഹനമാണെന്നും ,ഇത് പ്രതിമാസ തവണകളായി തിരിച്ചടയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്,എന്നാൽ ഇവിടെ ധനസഹായം സ്വീകരിച്ച് 10 മുതൽ 1 വർഷം വരെ കഴിഞ്ഞ് മാത്രമാണ് ധനസഹായം തിരിച്ചടയ്ക്കാൻ തുടങ്ങിയത്. ടി മാർഗ്ഗരേഖയിലെ ഖ.3-2,3-3 പ്രകാരം സംരംഭം ആരംഭിച്ച് ഒരു വർഷം കഴിയുന്ന മുറയ്ക്ക് റിവോൾവിംഗ് ഫണ്ട തവണതുകയും ബാങ്ക് വായ്പാ തുകയും കുടിശ്ശികയില്ലാതെ ക്രമമായി തിരിച്ചടച്ചവർക്ക് കണക്ക് പ്രകാരം സംരംഭകർ ധനകാര്യസ്ഥാപനത്തിൽ ഒടുക്കിയ എല്ലാ പലിശ തുകയും സംരംഭകരുടെ വായ്പാ അക്കൗണ്ടിലേയ്ക്ക് തദ്ദേശഭരണസ്ഥാപനം അടയ്ക്കുന്നതാണ്.മാത്രമല്ല ബാങ്ക് വായ്പാ തവണയും റിവോൾവിംഗ് ഫണ്ട് തവണയും മുടക്കുന്നവർക്ക് പലിശ സബ്സിഡി നഷ്ടമാവുകയും ചെയ്യും. പലിശ സബ്സിഡി റിവോൾവിംഗ് ഫണ്ട് തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ കോവിഡ് -19 നെ തുടർന്നുണ്ടായ മോശം സാമ്പത്തിക സ്ഥിതി മൂലമാണ് ടി ഗ്രൂപ്പുകൾക്ക് യഥാസമയം തിരിച്ചടവ് സാധ്യമാകാഞ്ഞതെന്നും തിരിച്ചടവിന്റെ പ്രാധാന്യത്തെക്കുറിച്ച് ഗ്രൂപ്പുകൾക്ക് നേരിട്ടും കത്ത് മൂലവും ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.ഗ്രൂപ്പുകളിൽ നിന്നും റിവോൾവിംഗ് ഫണ്ട് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്റ്റിന്റെ പേര് -ഹോമിയോ ഡിസ്പൻസറിലേക്ക് മരുന്ന വാങ്ങൽ

പ്രോജക്ട് നം.- S0015/21

ഫണ്ട്-മെയിൻറനൻസ് ഫണ്ട് റോഡിതരം

അടങ്കൽ-250000/-

ചെലവ്-250000/-ബിൽ നം-178/20-21/തീയതി-08/02/21

മെഡിക്കൽ ഓഫീസർ ( ഹോമിയോ )നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിലേക്ക് മരുന്ന വാങ്ങൽ (പ്രോജക്ട് നം. S0015/21) എന്ന പ്രോജക്ടിനായി ബിൽ നം.178/20-21തീയതി 08/02/21 പ്രകാരം 250000 /-രൂപ ഹോംകോയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. 226118/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന 23882/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/20-21 തീ.8.9.21)മറുപടി ലഭ്യമായില്ല.മരുന്നുകൾ ലഭ്യമാകുന്നതുവരെ 23882/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 വാങ്ങൽ നടപടികൾ-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല-

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം 259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി / നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം (Procurement Team)രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക, അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ തുടങ്ങി കരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും, നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

കൈനകരി ഗ്രാമ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ 2020-21വർഷം ആകെ 15.06.2020 തീയതിയിൽ മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയിട്ടുള്ളത്. യോഗത്തിൽ, "താഴെ പറയുന്ന രീതിയിൽ വാങ്ങലുകൾ നടത്തുന്നതിനുള്ള അനുമതിക്കായി ജനറൽ കമ്മറ്റിക്ക് ശുപാർശ ചെയ്ത് തീരുമാനിച്ചു" എന്ന് രേഖപ്പെടുത്തിക്കൊണ്ട് വിവിധ പ്രോജക്ടുകളുടെ പേരിനൊപ്പം വാങ്ങൽ രീതി എപ്രകാരമെന്നത് (സർക്കാർ ഏജൻസി/

കൊട്ടേഷൻ/..ഇങ്ങനെ) മാത്രമാണ് ചേർത്ത് കാണുന്നത്. തൻവർഷം നടത്തിയ വിവിധ വാങ്ങലുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ ഗുണമേന്മയും കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.

വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റി, പ്രൊക്യൂർമെന്റ് ടീം സോഷ്യൽ ഓഡിറ്റിംഗ് എന്നിവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന നടപടികൾ പാലിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതുമാണ്.

## 1-22 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന വിഹിതം നൽകൽ പ്രോജക്ടുകളിൽ നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

(എ) പ്രോജക്ട് നം - S 0001/21

പ്രോജക്ടിന്റെ പേര് - ഐ.കെ.എം.വിഹിതം നൽകൽ

അടങ്കൽ - 90000/- (വികസന ഫണ്ട്)

ചെലവ് വിവരം - 89460/-(ബിൽ നം.12/20-21 തീയതി.02.06.2020)

ഐ.കെ.എം.വിഹിതം നൽകൽ എന്ന പ്രോജക്ടിൽ 89460/- രൂപ പ്രസ്തുത ബിൽ പ്രകാരം ഇൻഫൊർമേഷൻ കേരളാ മിഷന് കൈമാറിയിട്ടുണ്ട് എന്നാൽ തുക കൈപ്പറ്റിയതിന്റെ രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. അതിനാൽ 89460/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

(ബി) പ്രോജക്ട് നം - S 0027/21

പ്രോജക്ടിന്റെ പേര് - എസ്.എസ്.എ.വിഹിതം നൽകൽ

അടങ്കൽ - 500000/- (വികസന ഫണ്ട്)

ചെലവ് വിവരം - 500000/-(ബിൽ നം.12/20-21 തീയതി.02.06.2020)

എസ്.എസ്.എ.വിഹിതം നൽകൽ എന്ന പ്രോജക്ടിൽ 500000/- രൂപ പ്രസ്തുത ബിൽ പ്രകാരം എസ്.എസ്.കെ യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. അതിനാൽ500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
വിനിയോഗസാക്ഷ്യപത്രം അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് 09.09.2021 ലെ 19-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചു.
രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 തൊഴിലുറപ്പ് പദ്ധതി അപാകതകൾ കയർഭൂവസ്ത്രം: മുളയാണി ഉണ്ടാക്കിയതിനുള്ള പ്രവർത്തി വിവിധ ഇനങ്ങളിലായി ആവർത്തിച്ചുവന്നു. അധികച്ചെലവ് അനുവദനീയമല്ല.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കപ്പെട്ടിട്ടുണ്ട്. കയർഭൂവസ്ത്രം, മുള എന്നീ മെറ്റീരിയലുകളാണ് പ്രോജക്ടുകളിൽ ഉപയോഗിക്കപ്പെടുന്നത്. താഴെച്ചേർക്കുന്ന പ്രവർത്തികളിൽ കയർഭൂവസ്ത്രം ഉറപ്പിക്കുന്നതിലേക്കുള്ള മുളയാണികൾ ഉണ്ടാക്കിയതിന് വിവിധ സ്പെസിഫിക്കേഷനിൽ പ്രകാരം, മുളയാണി ഉണ്ടാക്കലിനായി നിരക്ക് അനുവദിച്ച് ആവർത്തനച്ചെലവ് വന്നിട്ടുണ്ട്. മുളയാണി സപ്ലൈചെയ്യുന്നതിന്റെ സ്പെസിഫിക്കേഷനിൽ, നം.80.8.59, മുള ലഭ്യമാകുന്നത് തന്നെ Supplying And Stacking Bamboo At Site(25mm Dia And 2.5m Long) എന്ന് പരാമർശിച്ചിട്ടുണ്ട്. അതായത് ഈ അളവിൽ ചെറുതാക്കി മുറിച്ച മുളയ്ക്കാണ് വില നല്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. ടി സ്പെസിഫിക്കേഷനിൽ ഒരു മുളയ്ക്ക് വിലയായി 650/- രൂപയാണ് നിരക്ക്. ഇത് യാഥാർത്ഥ്യത്തിന് നിരക്കുന്നതോ ലഭ്യമാക്കിയ വൌച്ചറുകളുമായി പൊരുത്തപ്പെടുന്നതോ അല്ല. എന്നിരിക്കിലും ആയത് ചെറുതാക്കി മുറിച്ച മുളയുടെ വിലയായി പരിഗണിച്ചാൽ തന്നെ വീണ്ടും മുള ചെറുതാക്കുന്നതിനുള്ള പ്രവർത്തി രണ്ട് ഇനങ്ങളായി നിർവ്വഹിക്കപ്പെട്ടു.

1. ഇനം നം.80.8.19ൽ For Cutting And Making Bamboo Scantling 1 Metre

2.ഇനം നം.80.8.63 ൽ Labour Charges For Cutting Of Coir Geo Textile At Appropriate Size For Any Slope And Making Bamboo Nails Of Size25cm Long And 2.5cm Width For Fixing Geo Textiles On The Side Of The Water Body And Laying And Fixing It Using Appropriate J Clips/Bamboo Stakes As Per The Specificcation And Turfing The Geo Textiled Area With The Locally Available Deep Fibrous Rooted Grass. എന്നിവയാണ് അവ.

രണ്ടാമത്തെ ഇനം പ്രവർത്തിയിൽ ആദ്യ ഇനം ഉൾക്കൊള്ളുന്നതായി കാണുന്നതിനാലും, മുള സപ്ലൈ ചെയ്യപ്പെട്ടത് തന്നെ മുറിച്ച നിലയിലാണെന്ന് പരിഗണിച്ചും ഇതിൽ ആദ്യ ഇനം (80.8.19)അംഗീകരിക്കാവുന്നതല്ല.

എ)വാർഡ് 3, ചെറുകായൽച്ചിറ മുതൽ കിഴക്കോട്ട് പുത്തൻപറമ്പ് വരെ നടുബണ്ട് കയർഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുക, റീച്ച്2, എം-ബുക്ക് നം.60/2020-21

ടി പ്രവർത്തിക്ക് വേണ്ടി മുള നല്കിയ രാജിമോൾ.കെ, കിഴക്കേമഠംചിറ, കുട്ടമംഗലം എന്നയാളുടെ വൌച്ചറിൽ 10മുളകൾക്ക് 75രൂപ നിരക്കിൽ 750/- രൂപ വീതം കൈപ്പറ്റിയതായാണ് പരാമർശം. എന്നാൽ മുളയുടെ വിലയിനത്തിൽ 950/-രൂപയാണ് പ്രോജക്ടിൽ നല്കിയിട്ടുള്ളത്. വൌച്ചറിലുള്ള വിലയാണ് അംഗീകരിക്കാവുന്നത്, അധികമായി 200/- രൂപ നല്കി.

ടി പ്രവർത്തിയിൽ മുളയാണി സപ്ലൈചെയ്യുന്ന നം.80.8.59, ഇനത്തിൽ 1.5ന്റെ യൂണിറ്റിന് 650/-നിരക്കിൽ 975/-രൂപ നല്കി. തുടർന്ന് ഇനം.80.8.19ൽ 500മീറ്ററിന് 12.135നിരക്കിൽ ആകെ 6067/-രൂപ നല്കിയിട്ടുമുണ്ട്. തുടർന്ന് ഇതേ പ്രവർത്തി ഐറ്റം. നം.80.8.63 പ്രകാരവും ചെയ്തു് കാണുന്നു, ഈ ഇനത്തിൽ ആകെ 2000 ചതു.മീറ്ററിന് 71.586 നിരക്കിൽ 143172/- രൂപ നല്കിയിട്ടുണ്ട്. ഈ ഇനം പ്രവർത്തിയിൽ മുളയാണി ഉണ്ടാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തികൾ ഉൾക്കൊള്ളുന്നതിനാൽ ഇനം. 80.8.19ൽ നല്കിയ 6067/-രൂപ അംഗീകരിക്കാവുന്നതല്ല. മുളയ്ക്ക് വിലയായി അധികം നല്കിയ 200/-രൂപയുൾപ്പെടെ ടി പ്രവർത്തിയിൽ 6267/-രൂപയാണ് അധികച്ചെലവ്.

ബി)വാർഡ് 11, തുരുത്തുകൾക്ക് ചുറ്റും മാടി പിടിപ്പിച്ച് കയർഭൂവസ്ത്രം വിരിക്കുക-പഴൂർ റീച്ച് 2. എം-ബുക്ക് നം.91/2020-21

ടി പ്രവർത്തിയിലും മുളയാണി സപ്ലൈചെയ്യുന്നതിന്റെ സ്പെസിഫിക്കേഷനിൽ, നം.80.8.59, 2ന്റെ യൂണിറ്റിന് 650/- നിരക്കിൽ 1300/-രൂപ നല്കിയിട്ടുമുണ്ട്. തുടർന്ന് ഇനം.80.8.19ൽ 174മീറ്ററിന് 12.135നിരക്കിൽ ആകെ 2111.49/-രൂപ നല്കിയിട്ടുമുണ്ട്. തുടർന്ന് ഇതേ പ്രവർത്തി ഐറ്റം. നം.80.8.63 പ്രകാരവും ചെയ്തു് കാണുന്നു, ടി പ്രവർത്തിക്ക് ആകെ 3139.2 ചതു.മീറ്ററിന് 71.586 നിരക്കിൽ 224722.7/- രൂപ നല്കിയിട്ടുണ്ട്. ഈ 80.8.63 പ്രവർത്തിയിൽ മുളയാണി ഉണ്ടാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തികൾ ഉൾക്കൊള്ളുന്നതിനാൽ 80.8.19ൽ ഇതേ പ്രവർത്തി ആവർത്തിച്ച് വന്നത് മൂലമുള്ള ചെലവ് 2111.49/-രൂപ അംഗീകരിക്കാവുന്നതല്ല.

ഓഡിറ്റ് അന്വേഷണത്തിനുള്ള(നം.31/20-21)മറുപടിയിൽ, ടി പ്രവർത്തികൾ ആവർത്തിച്ചിട്ടില്ലെന്നും 2.5മീറ്റർ നീളത്തിൽ ലഭ്യമായ മുളകളെ വീണ്ടും ഒരു മീറ്റർ അളവിൽ ചെറുതാക്കുകയും വീണ്ടും 25സെ.മീ. ആയി ചെറുതാക്കുകയും ചെയ്യുകയായിരുന്നുവെന്നും ഇപ്രകാരമുള്ള ഐറ്റം നല്കാതെ അക്കാലയളവിൽ പ്രവർത്തിക്ക് അംഗീകാരം ലഭിക്കുകയില്ലായിരുന്നുവെന്നുമാണ് മറുപടി. എന്നാൽ ആയത് അംഗീകരിക്കാവുന്നതല്ല. രണ്ടരമീറ്ററായി ലഭ്യമായ മുളയെ വീണ്ടും ഒരു ഇനം നല്കി ഒരു മീറ്ററാക്കി എന്നത് തന്നെ അനാവശ്യമായ പ്രവർത്തിയായിരുന്നെന്ന് കാണുന്നു. എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്നതിനായി ആവശ്യമില്ലാത്ത ആവർത്തിച്ചുള്ള പ്രവർത്തി നടത്തേണ്ടിയിരുന്നില്ല.

രണ്ട് പ്രവർത്തികളിലുമായി അംഗീകരിക്കാനാകാത്ത ആകെ ചെലവ് 8378.49/-രൂപ

<u>ഡിസ്‌പ്ലേ ബോർഡ്</u>

തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തികളുടെ ഭാഗമമായി സിറ്റിസൺസ് ഇൻഫർമേഷൻ ബോർഡുകൾക്ക് (ഡിസ്‌പ്ലേ ബോർഡ്) ബോർഡിന്റെ ബില്ല് പ്രവർത്തികൾക്കൊപ്പം ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ തൊഴിലുറപ്പ് വിഭാഗത്തിൽ സൂക്ഷിക്കുന്ന പ്രോക്യൂർമെന്റ് കമ്മറ്റി രജിസ്റ്ററിൽ 25.08.2020ലെ തീരുമാനം I ആയി, “ഡിസ്‌പ്ലേ ബോർഡ് 3500/-നിരക്കിൽ പ്രവർത്തി നടക്കുന്ന സൈറ്റിൽ സുനിൽകുമാർ പി വി, വാർഡ്6, എന്ന വ്യക്തിയെക്കൊണ്ട് സപ്ലൈ നല്കാൻ തീരുമാനിച്ചു” - എന്ന് പരാമർശിച്ചിട്ടുണ്ട്. ക്വട്ടേഷനുകളുടെ വിവരം കമ്മറ്റി ചർച്ച ചെയ്തു് കാണുന്നില്ല.

ഡിസ്പ്ലെ ബോർഡിന്റെ വലിപ്പം, ബോർഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുവിന്റെ സ്പെസിഫിക്കേഷൻ ഇവ പരാമർശിച്ചുകൊണ്ട് ഡിസ്‌പ്ലേ ബോർഡുകളുടെ പർച്ചേസിംഗിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

## <u>1-24 ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തിയാക്കിയില്ല</u>

പ്രോജക്ട് നം - S 0214/21

പ്രോജക്ടിന്റെ പേര് - ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി

വികസന ഫണ്ട് - 555000/-

ഗുണഭോക്തൃവിഹിതം- 370000 (സ്ഥാപനത്തിൽ-നേരിട്ട് അടവാക്കുന്നത്)

ചെലവ് വിവരം - 555000/-(ബിൽ നം.34/20-21 തീയതി.11.12..2020)

ജലജീവൻ മിഷൻ പദ്ധതി പ്രകാരം, വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിക്കുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. വികസനഫണ്ടിൽ നിന്നും 555000/- /- രൂപ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, മെമ്പർ സെക്രട്ടറി SWSM (State Water & Sanitation Mission) എന്നിവരുടെ പേരിലുള്ള 00000067119741187 നമ്പർ അക്കൗണ്ടിലേക്ക് നൽകി.പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.കേരള വാട്ടർ അതോറിറ്റിയുമായി നിയമാനുസൃതം ചമച്ച കരാർ, തുക കൈപ്പറ്റിയതിന്റെ രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

2. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, അല്ലെങ്കിൽ നിലവിലെ സ്ഥിതി എന്നിവ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 09.09.2021ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 19 ന് മറുപടി ലഭ്യമാക്കിയില്ല. മതിയായ രേഖകളുടെ അഭാവത്തിൽ 555000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 വിവിധ വാർഡുകളിൽ ആർ.ഒ. പ്ലാന്റ് സ്ഥാപിക്കൽ - കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തികൾ ആരംഭിച്ചില്ല.

സെക്രട്ടറി നടപ്പാക്കിയ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | വാട്ടർ അതോറിറ്റിക്ക്നൽകിയ തുക | ബിൽ നം./ തീയതി |
|---|---|---|---|
| വിവിധ വാർഡുകളിൽ ആർ.ഒ. പ്ലാന്റ് സ്ഥാപിക്കൽ | S0136/21 | 500000 | 7/15.04.2020 |
| | S0137/21 | 500000 | 9/29.05.2020 |
| | S0191/21 | 540000 | 25/24.09.2020 |
| ആകെ | | 1540000 | |

ഗ്രാമപഞ്ചായത്തിലെ പ്രസ്തുത പ്രവൃത്തിയ്ക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റി,പി.എച്ച്.ഡിവിഷൻ, തിരുവല്ലയുടെ 30.03.2020 തീയതിയിലെ എ.ബി2-6869/2020നം.എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 1540000 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ , കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, തിരുവല്ലയുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്.

കരാർ പ്രകാരം (കരാർ നം.12/2020 Dt.20-10-2020)ധാരണാപത്രം ഒപ്പിടുന്നത് മുതൽ 6മാസമാണ് പൂർത്തീകരണ കാലാവധി. അതനുസരിച്ച് 19-04-2021 ന് പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഈ കാലയളവിനുള്ളിൽ പ്രവർത്തി തുടങ്ങുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ട് 09.09.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/20-21), കോവിഡ് 19 മൂലമുള്ള പ്രത്യക സാഹചര്യം നിമിത്തമാണ് യഥാസമയം പ്രവൃത്തി തുടങ്ങാൻ കഴിയാതിരുന്നതെന്നും നിലവിൽ ടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ആർ.ഒ. പ്ലാന്റ് സ്ഥാപിക്കൽ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ 1540000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കി ആയതിന്റെ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ആയുർവേദാശുപത്രിക്ക് മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ടിന്റെ പേര് - ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം.- S0014/21

അടങ്കൽ- 1000000-മെയിൻറനൻസ് ഫണ്ട് റോഡിതരം

ചെലവ്- 1000000-ബിൽ നം-46/20-21/തീയതി-10/3/21

മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം )നിർവ്വഹണം നടത്തിയ ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. S0014/21) എന്ന പ്രോജക്ടിനായി ബിൽ നം.46/20-21തീയതി. 10.3.21 പ്രകാരം 1000000 /-രൂപ ഔഷധിക്ക് മുൻകൂർ നൽകിയിട്ടുണ്ട്. 217810/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന 782190/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/20-21 തീ.7.9.21)കോവിഡ് വ്യാപനത്തിന്റെ പശ്ചാതലത്തിൽ മരുന്ന നിർമ്മാണത്തിനാവശ്യമായ ചില അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം മരുന്ന നിർമ്മാണത്തേയും വിതരണത്തേയും

പ്രതികൂലമായി ബാധിച്ചുവെന്നും ഔഷധിയിൽ നിന്ന് ബാക്കി വിതരണം ചെയ്യേണ്ടുന്ന മരുന്നുകൾ ഉടനടി വിതരണം ചെയ്യുമെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 782190/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -ബിൽപ്രകാരമുള്ളതിലും അധികം തുക നൽകി

പ്രോജക്ട് നം. : 115/21

അടങ്കൽ : 320797/-( വികസന ഫണ്ട് - എസ്.സി.പി )

ചെലവ് : 317842/-(ബിൽ നം. 01/2020-21 Dtd 15.05.2020.)

ഗ്രാമപഞ്ചായത്തിൽ അസി.സെക്രട്ടറി നടപ്പിലാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ടിൽ സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ Dtd 14.02.2018 ഖണ്ഡിക 7.2.8പ്രകാരം ഗ്രാമപഞ്ചായത്തിലെ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് സർക്കാർ എയ്ഡഡ്, സ്വാശ്രയ കോളേജുകളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്കായി കെൽട്രോണിൽ വഴി C.P.R.C.S പോർട്ടലിൽ നിന്നും 14 ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രഫോർമ ഇൻവോയ്സ് നം. ITP/06774/20-21 തീയതി.30.11.2020പ്രകാരം 14 ലാപ്ടോപ്പുകൾക്ക് നികുതിയടക്കം 317842/-രൂപയാണ് കാണിച്ചിരുന്നത്. എന്നാൽ ഫയലിനോടൊപ്പം ഹാജരാക്കിയ ഇ-വേ ബിൽ സിസ്റ്റത്തിലൂടെയുള്ള ലെനോവയുടെ ഒറിജിനൽ ബിൽ പ്രകാരം (RV200105007767/05.11.2020) 14 ലാപ്ടോപ്പുകളുടെ വില നികുതിയടക്കം 305849/-രൂപ മാത്രമാണ്. കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയ തുക യഥാർത്ഥ ബില്ല് പ്രകാരമുള്ള തുകയേക്കാളും 11993/- രൂപ (317842- 305849 ) അധികമാണ് . യഥാർത്ഥ ബില്ല് പ്രകാരമുള്ള തുകയേക്കാളും 11993/- രൂപ അധികം പ്രോജക്ടിനായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട് . യഥാർത്ഥ ബില്ലിലും അധികമായി തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം-02/ 06.09.2021)' ലെനോവയുടെ ബിൽ കമ്പനി KELRTONന് നൽകിയിട്ടുള്ള ബില്ലിന്റെ പകർപ്പാണ്, ലാപ്ടോപ്പ് സപ്ലൈ ചെയ്ത അവസരത്തിലാണ് പ്രസ്തുത ബിൽ ലഭിച്ചിട്ടുള്ളത് , കൂടാതെ ലെനോവ സപ്ലൈ ചെയ്ത 14 ലാപ് ടോപ്പുകൾക്ക് KELRTONന് നൽകേണ്ടതുക 317842രൂപയാണ് ' എന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. എന്നാൽ യഥാർത്ഥ ബില്ലിലും അധികമായി തുക നൽകിയത് അംഗീകരിക്കുന്നില്ല. സാധനങ്ങളുടെ യഥാർത്ഥ വാങ്ങൽ വിലയിലും അധികമായി നൽകിയ 11993/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 നിയമാനുസൃത കാലയളവിലും അധികരിച്ച് പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുന്നു-

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി , PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ( പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി 2% പിഴ മാത്രം ഈടാക്കി കാലാവധി നീട്ടി നൽകുകയുണ്ടായി . വിശദ വിവരം ചുവടെ ചേർക്കുന്നു.

1)കൃഷിഭവൻ , ആയുർവേദാശുപത്രി എന്നിവയക്ക് അനുബന്ധ സൌകര്യമൊരുക്കൽ-

പ്രൊജക്റ്റ് നം - 144/21

കരാറുകാരൻ - ഔസേഫ് കുര്യൻ

എഗ്രിമെന്റ് നം. 19/AE/LSGD/KNKRY/16-01-19

ബിൽ നം, തീയതി, തുക - 1) 20/20-21, 25-09-20, 238477/-

PAC- 329993/-

M Book – 30/18-19

പൂർത്തീകരണ കാലാവധി- 6മാസം

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 19-07-19

പൂർത്തീകരിച്ച തീയതി- 22-05-20

നിശ്ചിത തീയതിക്കകം പൂർത്തീകരിക്കാതിരുന്ന ഈ പ്രവർത്തിയുടെ കാലാവധി 06-05-2020ലെ 3(6)-ാം നമ്പർ തീരുമാനപ്രകാരം 31-03-20 വരെ നീട്ടി നൽകിയിരുന്ന കാലാവധി, കരാറുകാരന്റെ 24-03-20 ലെ അപേക്ഷയെ തുടർന്ന് 31-05-2020 വരെ വീണ്ടും നീട്ടി നൽകിയിട്ടുണ്ട്.

<u>പിഴ ഈടാക്കിയതിൽ കുറവ് -</u>

ആദ്യ തവണ- PAC യുടെ 1% - 329993 X 1% = 3300/-

രണ്ടാം തവണ - PAC യുടെ 2% - 329993 X 2% = 6600/-

ആകെ ഈടാക്കേണ്ടത് - 3300 + 6600 = 9900/-

ഈടാക്കിയത് - 6600/-

കുറവ് - <u>3300/-</u>

ആദ്യത്തെ തവണ കാലാവധി നീട്ടി നൽകുന്നതിന് കരാറുകാരൻ സമർപ്പിച്ച അപേക്ഷയും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

<u>2) ഗവ . യുപിഎസ്സ് നവീകരണം -</u>

പ്രൊജക്റ്റ് നം - 143/21

കരാറുകാരൻ - ഔസേഫ് കുര്യൻ

എഗ്രിമെന്റ് നം. 25/AE/LSGD/KNKRY/20-02-19

ബിൽ നം, തീയതി, തുക - 1) 19/20-21, 28-09-20, 186068/-

PAC- 199693/-

M Book – 31/18-19

പൂർത്തീകരണ കാലാവധി- 6മാസം

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 20-08-19

പൂർത്തീകരിച്ച തീയതി- 22-05-20

നിശ്ചിത തീയതിക്കകം പൂർത്തീകരിക്കാതിരുന്ന ഈ പ്രവർത്തിയുടെ കാലാവധി 06-05-2020ലെ 3(6)-ാം നമ്പർ തീരുമാനപ്രകാരം 31-03-20 വരെ നീട്ടി നൽകിയിരുന്ന കാലാവധി, കരാറുകാരന്റെ 24-03-20 ലെ അപേക്ഷയെ തുടർന്ന് 31-05-2020 വരെ വീണ്ടും നീട്ടി നൽകി.

<u>പിഴ ഈടാക്കിയതിൽ കുറവ് -</u>

ആദ്യ തവണ- PAC യുടെ 1% - 199693 X 1% = 1997/-

രണ്ടാം തവണ - PAC യുടെ 2% - 199693 X 2% = 3994/-

ആകെ ഈടാക്കേണ്ടത് - 1997 + 3994 = 5991/-

ഈടാക്കിയത് - 3721/-

കുറവ് - <u>2270/-</u>

<u>3) 11-ാംവാർഡിൽ തോട്ടുവാത്തല പാലം മുതൽ കിഴക്കോട്ട് നടപ്പാത കോൺക്രീറ്റിംഗ്-</u>

പ്രൊജക്റ്റ് നം - 164/21

കരാറുകാരൻ - സജിമോൻ.ഇ.ബി

എഗ്രിമെന്റ് നം. 26/AE/LSGD/KNKRY/09-03-20

ബിൽ നം, തീയതി, തുക - 1) 71/20-21, 30-03-21, 895534/-

PAC- 799605/-

M Book – 43/20-21

പൂർത്തീകരണ കാലാവധി - 6 മാസം

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 09-09-20

പൂർത്തീകരിച്ച തീയതി- 29-03-21

നിശ്ചിത തീയതിക്കകം പൂർത്തീകരിക്കാതിരുന്ന ഈ പ്രവർത്തിയുടെ കാലാവധി ആദ്യ തവണ 31-12-20 വരെ നീട്ടി നൽകിയിരുന്ന കരാറുകാരന്റെ 21-12-20 ലെ അപേക്ഷയെ തുടർന്ന് 31-03-20201 വരെ വീണ്ടും നീട്ടി നൽകിയിട്ടുണ്ട്. (08-01-21 ലെ4(2) -ാം നമ്പർ തീരുമാനം)

പിഴ ഈടാക്കിയതിൽ കുറവ് -

ആദ്യ തവണ- PAC യുടെ 1% - 799605 X 1% = 7996/-

രണ്ടാം തവണ - PAC യുടെ 2% - 799605 X 2% = 15992/-

ആകെ ഈടാക്കേണ്ടത് - 7996 + 15992 = 23988/-

ഈടാക്കിയത് - 15992/-

കുറവ് - 7996/-

4) 13- ാം വാർഡിൽ പഞ്ചായത്ത് കളിസ്ഥലം ഉയർത്തൽ, സ്റ്റേജ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം-

പ്രൊജക്റ്റ് നം - S0049/19

കരാറുകാരൻ - ഔസേഫ് കുര്യൻ.

എഗ്രിമെന്റ് നം. 15/AE/LSGD/KNKRY/16-01-19

ബിൽ നം, തീയതി, തുക - 1) 16/19-20, 12-07-19, 142144/-

2) 21/20-21, 25-09-20, 118273/-

PAC- 749649/-

M Book – 13/18-19

പൂർത്തീകരണ കാലാവധി - 6 മാസം

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 19-07-19

പൂർത്തീകരിച്ച തീയതി- 20-05-20

നിശ്ചിത തീയതിക്കകം പൂർത്തീകരിക്കാതിരുന്ന ഈ പ്രവർത്തിയുടെ കാലാവധി ആദ്യ തവണ 31-03-20 വരെ നീട്ടി നൽകിയിരുന്ന കരാറുകാരന്റെ 24-03-20 ലെ അപേക്ഷയെ തുടർന്ന് 31-05-2020 വരെ വീണ്ടും നീട്ടി നൽകിയിട്ടുണ്ട്. (06-05-20 ലെ3(6) -ാം നമ്പർ തീരുമാനം)

പിഴ ഈടാക്കിയതിൽ കുറവ് -

ആദ്യ തവണ- PAC യുടെ 1% - 749649 X 1% = 7496/-

രണ്ടാം തവണ - PAC യുടെ 2% - 749649 X 2% = 14993/-

ആകെ ഈടാക്കേണ്ടത് - 7496 + 14993 = 22489/-

ഈടാക്കിയത് - 14993/-

കുറവ് - 7496/-

ഫൈൻ ഇനത്തിൽ ആകെ കുറവായി ഈടാക്കിയത് =3300+2270+7996+7496 = 21062/-

മേൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രകാരം ഉത്തരവിന് വിരുദ്ധമായി കാലാവധി നീട്ടിയത് സംബന്ധിച്ചും, പിഴ കുറവായി ഈടാക്കിയതിനും മറുപടി ലഭ്യമാക്കുവാനും. ആദ്യത്തെ തവണ കാലാവധി നീട്ടി നൽകുന്നതിന് കരാറുകാരൻ സമർപ്പിച്ച അപേക്ഷയും ലഭ്യമാക്കുവാക്ക് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടിയിൽകരാറുകാരന് അസുഖം ആയിരുന്നതിനാലും, കോവിഡ് സാഹചര്യം പരിഗണിച്ചുമാണ്കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കരാർ കാലാവധി നീട്ടി നൽകിയതെന്നും, കുറവായി ഈടാക്കിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.കരാർ കാലാവധി അവസാനിച്ച് മാസങ്ങൾക്ക് ശേഷമാണ്കോവിഡും, കരാറുകാരന് അസുഖവും ഉണ്ടായിട്ടുള്ളതെന്ന് എഗ്രിമെന്റ് രേഖകളിൽ നിന്നും , കരാറുകാരൻ ഹാജരാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും പരിശോധിച്ചതിൽ നിന്നും വ്യക്തമാണ് .ആയതിനാൽ കറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മേൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രകാരം ഉത്തരവിന് വിരുദ്ധമായി കാലാവധി അനർഹമായി നീട്ടി നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-29 സംരക്ഷണഭിത്തിയുടെ ഉയരത്തെക്കാൾ കൂടുതൽ ഫില്ലിംഗ് നടത്തിയത് മൂലം അധിക

## ചെലവ്-

നോർത്ത് ജെട്ടി മുതൽ കുഞ്ഞുകുഞ്ഞിന്റെ വീട് വരെ സംരക്ഷണഭിത്തി –

പ്രൊജക്റ്റ് നം - SO119/20

കരാറുകാരൻ - ജഗദേവൻ.എ.പി

ബിൽ നം, തീയതി, തുക - 1) 01/20-21, 22-04-21, 500000/-

2) 10/20-21,21-05-21, 58802/-

3) 26/20-21, 24-11-21, 107686/-

ആകെമൂല്യം - 666497/-

M Book - 05/19-20

2020-21 വർഷം അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 1-ാം വാർഡിൽ നോർത്ത് ജെട്ടി മുതൽ കുഞ്ഞുകുഞ്ഞിന്റെ വീട് വരെ സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവർത്തിയുടെ ആദ്യ എസ്റ്റിമേറ്റിൽ 135 മീറ്റർ നീളത്തിൽ കല്ല് കെട്ട് മാത്രമായിരുന്ന ഉൾപ്പെടുത്തിയിരുന്നത്.പിന്നീട് ഈ പ്രവർത്തിയുടെ ടെണ്ടർ തുകയിൽ സേവിംഗ്സ് ഉള്ളതിനാൽ ആ തുക ഉപയോഗിച്ച് കായൽ കട്ടകൊണ്ട് നടപ്പാത നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 29-02-2020 ലെ 1(6)-ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകി.അളവുപുസ്തകം പേജ് 30 പ്രകാരം 135 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തിയുടെ ഇരുവശവും ഫില്ലിംഗ് നടത്തിയിട്ടുണ്ട്.ആയതിന് എം3 ന് 365.41 രൂപ നിരക്കിൽ 265 M3 ന് 96833/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.അളവ് പുസ്തകം പ്രകാരം കായൽ കട്ട ഉപയോഗിച്ച് നടത്തിയ ഫില്ലിംഗിന്റെ അളവ് ചുവടെ ചേർക്കുന്നു.

1x60x0.65x1.80 = 70.20

1x30x0.70x1.80 = 37.80

1x30x0.70x1.90 = 39.90

1x15x0.65x1.80 = 17.55

165.45m3

കൂടാതെ ഇതിന് മുകളിൽ 135 മീറ്റർ നീളത്തിലും, 0.50 Cm. കനത്തിലും ടോപ്പ് ഫില്ലിംഗും നടത്തിയിട്ടുണ്ട്.

അളവുപുസ്തകം പ്രകാരം 135 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിച്ചിരിക്കുന്നതിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

1x7.05x0.72x0.65 = 3.299m3

1x52.95 X 0.72 X 0.70 = 26.686 M3

1x77.30 X 0.765 X 1.15 = 68.00 M3

ആകെ = 97.99 M3

ഇതിൽ ആദ്യത്തെ 60 മീറ്റർ നീളത്തിലുള്ള സംരക്ഷണഭിത്തിയുടെ DR, Belt, Belt ന് മുകളിലുള്ള DR, RR എന്നിവ നിർമ്മിച്ചതിന്റെ ഉയരവും, അതിന് ശേഷമുള്ള ആകെ ഉയരവും ചുവടെ ചേർക്കുന്നു.

| നീളം | DR ന്റെ ഉയരം | Belt ന്റെ ഉയരം | Belt ന് മുകളിലുള്ള DR ന്റെ ഉയരം | RR ന്റെ ഉയരം | സംരക്ഷണഭിത്തിയുടെ ആകെ ഉയരം. |
|---|---|---|---|---|---|
| 52.95 മീറ്റർ | 0.70 സെ.മീ. | 10 സെ.മീ. | 0.25 സെ.മീ. | 0.30 സെ.മീ. | 1.35 മീറ്റർ |
| 7.05 മീറ്റർ | 0.65 സെ.മീ. | 10 സെ.മീ. | 0.25 സെ.മീ. | 0.30 സെ.മീ. | 1.30 മീറ്റർ |

മേൽ കണക്കുകൾ പരിശോധിച്ചാൽ സംരക്ഷണഭിത്തിയുടെ ആകെ ഉയരം ആദ്യത്തെ 52.95 മീറ്ററിൽ 1.35 മീറ്ററും, തുടർന്നുള്ള 7.05 മീറ്ററിൽ 1.30 മീറ്ററുമാണ് ഉയരം രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അളവുപുസ്തകം പ്രകാരം ആദ്യത്തെ 60 മീറ്ററിൽ കായൽ കട്ട ഉപയോഗിച്ചുള്ള ഫില്ലിംഗിന് 1x60x0.65x1.80 എന്ന അളവിലാണ് ഫില്ലിംഗ് നടത്തിയിട്ടുള്ളത്. കൂടാതെ ആകെയുള്ള 135 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തിയുടെ മുകൾഭാഗം 50 സെ.മീ. കനത്തിൽ ടോപ്പ് ഫില്ലിംഗും നടത്തിയിട്ടുണ്ട്. ആകെ 2.30 മീറ്റർ ഉയരത്തിൽ സംരക്ഷണഭിത്തിയുടെ ആദ്യ 60 മീറ്ററിൽ ഫില്ലിംഗ്

നടത്തിയിട്ടുണ്ട്. 1.35 മീറ്റർ ഉയരത്തിലുള്ള സംരക്ഷണഭിത്തിക്ക് പരമാവധി ആ ഉയരത്തിൽ മാത്രമെ ഫില്ലിംഗ് നടത്താനാകൂ എന്നിരിക്കെ 2.30 മീറ്റർ ഉയരത്തിൽ ഫില്ലിംഗ് നടത്തിയത് മൂലം അധിക ചെലവുണ്ടായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അളവു പുസ്തകം പ്രകാരം 60 മീറ്ററിൽ ഫില്ലിംഗ് നടത്തിയതിന്റെ അളവും നൽകിയ തുകയും ചുവടെ ചേർക്കുന്നു.

1x60 X 0.65 X 1.80 = 70.20m3

1x30x1.60 X0.50 = 24m3

1x30x 2.0 X0.50 = 30m3

ആകെ = 124.20m3

നൽകിയ തുക = 124.20m3 X 365.41 രൂപ = 45383.00 + 5446 (12% GST)

= 50829.00 രൂപ

60 മീറ്ററിൽ ഫില്ലിംഗ് നടത്തുന്നതിന് അനുവദനീയമായ അളവും തുകയും =

7.05x0.70 X 1.30 = 6.41 M3

52.95 X 0.65 X 1.35 = 46.46 M3

ടോപ്പ് ഫില്ലിംഗ്-

1x30x1.60 X0.50 = 24m3

1x30x 2.0 X0.50 = 30m3

ആകെ = 106.87m3

അനുവദനീയമായ തുക = 106.87m3 X 365.41 രൂപ = 39051.00 + 4686 (12% GST)=43737.00 രൂപ

അധികം നൽകിയത് = 50829.00 - 43737.00 = 7092.00 രൂപ

മേൽ സൂചിപ്പിച്ച പ്രകാരം അധികം തുക ചെലവഴിച്ചത് സംബന്ധിച്ചുവിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്( ഓഡിറ്റ് എൻക്വയറി-5/ 07-09-2021) ലഭ്യമാക്കിയ മറുപടിയിൽ വെള്ളപ്പൊക്കത്തിൽ സംരക്ഷണഭിത്തി തകർന്നതിനാൽ ടി ഭാഗത്ത് നടപ്പാത നിലവിലെ സംരക്ഷണഭിത്തിയിൽ നിന്നും വളരെയധികം താഴ്ന്ന കിടന്നിരുന്നതിനാലാണ് ഈ ഭാഗത്ത് ഉയർത്തി നിർമ്മിച്ച സംരക്ഷണഭിത്തിയുടെ ഭാഗത്തെക്കാൾ കൂടുതൽ ഫില്ലിംഗ് ആവശ്യമായി വന്നതെന്നും, ചെളി താഴ്ന്ന പോകുന്നതിനാലാണ് നിലവിലുള്ള സംരക്ഷണഭിത്തിയെക്കാൾ ഉയർത്തി ഫില്ലിംഗ് നടത്തിയിരുന്നതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ ഇതു സംബന്ധിച്ച് യാതൊന്നും തന്നെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല, സംരക്ഷണഭിത്തിയെക്കാൾ ഏകദേശം ഒരു മീറ്ററോളം ഉയരത്തിൽ ഫില്ലിംഗ് നടത്തിയാൽ അതിനുപയോഗിച്ച കായൽകട്ട മുഴുവനും ഒറ്റ മഴയ്ക്ക് തന്നെ താഴേയ്ക്ക് ഒഴുകിപ്പോകും എന്നത് വ്യക്തമാണ്. അതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അധികം നൽകിയ 7092/-രൂപ അളവുകൾ തെറ്റായി രേഖപ്പെടുത്തി , അധിക മൂല്യനിർണ്ണയം നടത്തി , തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-30 നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്തവരിൽ നിന്നും പിഴ ഈടാക്കിയില്ല-

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ രേഖകൾ പരിശോധിച്ചതിൽ, കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കുള്ളിൽ കരാർ ചമച്ചിട്ടില്ലായെന്ന് കണ്ടു. 2012 ലെ കേരള പിഡബ്ല്യ.ഡി മാനുവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. അതിനുശേഷം 10 ദിവസം വരെ 1% പിഴയോടുകൂടിയും മാത്രമേ കരാർ ചമയ്ക്കാവൂ. ഇപ്രകാരം ഫൈൻ ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

9-ാം വാർഡിൽ പഞ്ചായത്ത് ഓഫീസിന് മുൻവശം വടക്കോട്ട് പൌവ്വത്ത് കടവ് വരെ സംരക്ഷണ ഭിത്തി പ്രൊജക്ട് നം. SO206/21.

അടങ്കൽ-356520/-(സ്വച്ഛ് ഭാരത് മിഷൻ)

ആകെ മൂല്യം-338707/-

കരാറുകാരൻ- സതീഷ് കുമാർ.

കരാർ തുക – 318030/-

കരാർനം./തീയതി-43/AE/LSGD/KNKRYdt.06-01-2021.

MB.No.35/2020-21.

ബിൽ- നം,58/20-21 തീയതി,തുക- 24/03/2021, 338707/-

സെലക്ഷൻ നോട്ടീസിലെ രേഖപ്പെടുത്തലുകൾ പ്രകാരം കരാർ വെയ്ക്കേണ്ട തീയതി - 04-01-2021

കരാർ വെച്ച തീയതി - 06-01-2021

ഈടാക്കേണ്ട പിഴ.1% നിരക്കിൽ - 3180/-

ഈടാക്കിയത് - 0

ബാക്കി ഈടാക്കാനുള്ളത് - 3180/-

നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാതെ മുഴുവൻ തുക അനുവദിച്ചതിന് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്( ഓഡിറ്റ് എൻക്വയറി- 27/10-09-2021) ലഭിച്ച മറുപടിയിൽ കരാറുകാരനിൽ നിന്നും തുക ഈടാക്കി അടയ്ക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈയിനത്തിൽ അധികം നൽകിയ 3180/- കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-31 സാമൂഹ്യ സുരക്ഷാ പെൻഷൻ – വിതരണത്തിലെ അപാകതകൾ

A) മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടില്ല-

കൈനകരി ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2020-2021വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണ നായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | വി.പിഭാസ്കരൻ | കർഷക തൊഴിലാളി പെൻഷൻ | 104570100930 | 15.04.2018 | 05/2018 മുതൽ 08/2021 വരെ | 52200 |
| 2 | ക്ലാരമ്മ ജോസഫ് | | 104570100708 | 09.04.2020 | 05/2020 മുതൽ 08/2021 വരെ | 29400 |
| 3 | ജഗദമ്മ | | 104570101598 | 31.05.2020 | 06/2020 മുതൽ 08/2021 വരെ | 23300 |
| 4 | സരോജനി | | 104570100181 | 20.09.2020 | 10/2020 മുതൽ 08/2021 വരെ | 18100 |
| 5 | ജമീല | | 104570101665 | 25.11.2020 | 12/2020 മുതൽ 08/2021 വരെ | 15300 |
| 6 | ഭാരതി | | 104570100464 | 13.01.2021 | 02/2021മുതൽ 08/2021 വരെ | 12500 |
| | ആകെ | | | | | 150800 |

അനർഹമായ കാലയളവിൽ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. മരിച്ച

ഗുണഭോക്താക്കളെ സമയബന്ധിതമായി ഒഴിവാക്കാത്തതുമൂലം വീണ്ടും പെൻഷൻ തുക അനുവദിക്കുന്നു. ഇപ്രകാരം 08/2021 വരെ പെൻഷൻ ആനവദിച്ചിട്ടുണ്ട്.

B) തിരിച്ചടച്ച തുകയുടെ കൃത്യത വ്യക്തമല്ല-

ഗുണഭോക്താവ് മരണമടഞ്ഞശേഷവും അതാത് സൊസൈറ്റികൾക്ക് അനുവദിച്ചുകൊണ്ടിരിക്കുന്ന തുക സർക്കാരിലേക്ക് തിരികെ ഒടുക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/07.09.2021) മറുപടി ലഭ്യമാക്കിയില്ല. തൻമൂലം വിതരണം ചെയ്യാത്ത തുക പൂർണ്ണമായി തിരികെ ഒടുക്കിയോ, ഏതൊക്കെ ഗുണഭോക്താവിന്റെ ഏത് കാലയളവിലെ തുകയാണ് തിരിച്ചടച്ചത്, തുടങ്ങിയ വിവരങ്ങളൊന്നും തന്മൂലം പരിശോധിച്ചുറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.2020-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ് മേൽ സൂചിപ്പിച്ച അക്കൌണ്ട് സസ്പെന്റ് ചെയ്യാത്തതായി കാണിച്ചിട്ടുള്ള ലിസ്റ്റിലുള്ളത്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. തിരികെ ഒടുക്കിയ തുകയുടെ വിവരം ലഭിച്ച തുക , വിതരണം നടത്തിയ തുക, തിരിച്ചടച്ച തുക എന്നിവയുമായി പൊരുത്തപ്പെടുന്ന രീതിയിൽ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ടി വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

C)പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരം ഗ്രാമ പഞ്ചായത്തിനെ കൃത്യമായി അറിയിക്കുന്നില്ല-

പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരം ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ഗ്രാമ പഞ്ചായത്തിനെ കൃത്യമായി അറിയിക്കേണ്ടതും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം മരണപ്പെട്ടവരെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ആധാർ നമ്പർ ലഭ്യമായ എല്ലാഗുണഭോക്താക്കളുടെ പെൻഷനും അതതു മാസം തന്നെ സസ്പെൻഡ് ചെയ്യാവുന്നതാണ്. എന്നാൽ മറ്റ് ബാങ്കുകൾ വഴി അക്കൌണ്ടിലേക്ക് നേരിട്ട് പെൻഷൻ ലഭിക്കുന്നതും മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ മരണം റിപ്പോർട്ട്ചെയ്യപ്പെടുന്നതുമായ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യാൻ നിലവിൽ മറ്റ് മാർഗ്ഗങ്ങളില്ല. ഇതൊഴിവാക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ 02.08.2021ലെ സർക്കുലർ നം 63/2021/ധന.പ്രകാരമുള്ള ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1.പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റ് ഏതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയിട്ടുള്ള വ്യക്തികളുണ്ടെങ്കിൽ അതത് പ്രാദേശിക സർക്കാർ സെക്രട്ടറിയെ അടുത്ത മാസം 10-തീയതിക്കുമുൻപായി അറിയിക്കേണ്ടതാണ് .

2)ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്.

ഓഡിറ്റ് വർഷം മരണപ്പെട്ടിട്ടും പെൻഷൻ സസ്പെൻ്റ് ചെയ്യാതെയുള്ള എല്ലാ ഗുണഭോക്താക്കളുടെയും അക്കൌണ്ട് സസ്പെന്റ് ചെയ്യേണ്ടതും നിലവിൽ അനർഹമായി നൽകിയ തുക സഹകുണ ബാങ്കിൽ നിന്ന് . സർക്കാരിലേക്ക് അടവാക്കിയെന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

ഈ വിഷയത്തിൽ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 ഡെപ്പോസിറ്റ് പ്രവൃത്തികൾ- ഏജൻസികൾ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുന്നില്ല

സെക്രട്ടറിയുടെ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഏജൻസികൾക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക നൽകിയിട്ടുള്ള സ്ഥാപനം/ നിർവ്വഹണ ഏജൻസി | തുക | പ്രോജക്ട് നം/ പ്രോജക്ടിന്റെ പേര്/ അടങ്കൽ | റിമാർക്സ് |
|---|---|---|---|---|
| 1 | കേരളാ വാട്ടർ അതോറിറ്റി | 600000(ബിൽ നം.69/20-21 തീയതി.01.03.2021 | 221/21-വാർഡ് 9ൽ പഴൂർ പാലം മുതൽ റബർ കമ്പനി വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ/600000- | സർക്കാർ ഉത്തരവ് കൈ നം.11/2018/ തസ്വഭവ.തീ.29-01-2018 , ഖണ്ഡിക11.2 പ്രകാരം |

| | | | | |
|---|---|---|---|---|
| | | | ധനകാര്യകമ്മീഷൻ അവാർഡ് | ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക മുൻകൂർ നൽകുന്നതിന് മുൻപ് കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽകേരള വാട്ടർ അതോറിറ്റിയുമായി 09.07.2021 ൽ ആണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. (എഗ്രിമെന്റ് നം.15-2021) |
| 2 | | 700000( ബിൽ നം.70&71/20-21 തീയതി.01.03.2021 ബിൽ നം.107&108/20-21 തീയതി.31.03.2021 | 215/21-വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ/700000-ധനകാര്യകമ്മീഷൻ അവാർഡ് | എഗ്രിമെന്റ് നം.16-2021തീയതി.09.07.2021 |
| 3 | | 189420(ബിൽ നം.08/20-21 തീയതി.21.05.2020 | 139/21-വിവിധ വാർഡുകളിൽ തോടുകൾക്ക് കുറുകെ പൈപ്പ് ലൈൻ ക്രോസിംഗ്/189420-ധനകാര്യകമ്മീഷൻ അവാർഡ് | എഗ്രിമെന്റ് നം.11-2020 തീയതി.20.10.2020 പ്രകാരം പ്രവൃത്തി 6 മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്. |
| 4 | പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം, ആലപ്പുഴ | 160000 ബിൽ നം.45/20-21 തീയതി.30.01.2021 | 96/21-ഗവ. എസ്.എൻ.ഡി.പി.എൽ.പി സ്കൂൾ ഇലക്ട്രിഫിക്കേഷൻ അറ്റകുറ്റപ്പണി/160000-മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | കരാർ, തുക കൈപ്പറ്റിയതിന്റെ രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| | ആകെ | 1649420 | | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/1.09.2021) കോവിഡ് 19 ലോക്ക്ഡൗൺ സാഹചര്യം നിമിത്തം പദ്ധതികൾ യഥാസമയം തുടങ്ങുവാൻ സാധിച്ചില്ല എന്നും ഇപ്പോൾ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അറിയിയിപ്പ് ലഭിച്ചതായും മറുപടി ലഭ്യമാക്കി.പ്രോജക്ട് പൂർത്തീകരികരിക്കാത്തതിനാൽ 1649420/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 കനകാശ്ശേരി എസ്.സി. കോളനിയിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- പ്രവൃത്തി യഥാസമയം പൂർത്തിയാക്കിയില്ല

2020-21 സാമ്പത്തികവർഷം, വികസനഫണ്ടിൽ (എസ്.സി.പി.) നിന്നും 1537725/- രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടാണ് കനകാശ്ശേരി എസ്.സി. കോളനിയിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(പ്രോജക്ട് നം S 0138/21).

ചെലവ് വിവരം - ബിൽ നം.24/24.09.20 തുക. 1535000/-

എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി , പി.എച്ച്.ഡിവിഷൻ, തിരുവല്ലയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബിൽ പ്രകാരം 1535000/-രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകി. കരാർ പ്രകാരം (

കരാർ നം.10/2020 Dt.20-10-2020) ധാരണാപത്രം ഒപ്പിട്ടുന്നത് മുതൽ 6മാസമാണ് പൂർത്തീകരണ കാലാവധി . അതനുസരിച്ച് 19-04-2021 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. ഈ കാലയളവിനുള്ളിൽ പ്രവർത്തി ആരംഭിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 09.09.2021ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 19 ന് കോവിഡ് 19 പ്രത്യേക സാഹചര്യം നിമിത്തമാണ് പ്രവൃത്തിയഥാസമയം തുടങ്ങുവാനോ പൂർത്തിയാക്കുവാനോ സാധിക്കാതിരുന്നതെന്നും നിലവിൽ ടി പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്ന് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ യഥാസമയം പൂർത്തിയാക്കാത്തതിനാൽ 1535000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കിയ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 മരാമത്ത് പ്രവർത്തികളിൽ ഭൂരിഭാഗവും 5 ലക്ഷത്തിൽ താഴെയുള്ള പ്രവർത്തികൾ-മത്സര സ്വഭാവം നഷ്ടമാകുന്നു-

ഈ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പണികളിൽ ഭൂരിഭാഗവും അഞ്ച് ലക്ഷത്തിൽ താഴെയുള്ള മരാമത്ത് പ്രവർത്തികളായതിനാൽ മാനുവൽ ടെണ്ടർ/ ക്വട്ടേഷൻ വഴിയാണ് നിർവ്വഹിച്ചിട്ടുള്ളത്. അവയിൽ തന്നെ ചെറിയ വ്യത്യാസത്തിലുള്ള രണ്ട് ക്വട്ടേഷൻ/ മാനുവൽ ടെണ്ടർ മാത്രം ലഭിക്കുകയും, കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ച് പ്രവർത്തി നിർവ്വഹിക്കപ്പെടുകയും ചെയ്യുന്ന രീതയാണ് തുടരുന്നത്.ഇപ്രകാരം മരാമത്ത് പ്രവർത്തികൾ അഞ്ച് ലക്ഷത്തിൽ താഴെയുള്ള തുകയിൽ ലിമിറ്റ് ചെയ്ത് നിർവ്വഹിക്കപ്പെടുന്നത് മൂലം മത്സരാധിഷ്ഠിത ടെണ്ടർ ലഭിക്കുന്നതിനുള്ള സാധ്യതകൾ നഷ്ടമാകുകയും, തദ്ദേശസ്ഥാപനത്തിന് അധിക ചെലവിന് കാരണമാകുകയും ചെയ്യുന്നു. ഇപ്രകാരം നിർവ്വഹിക്കപ്പെട്ട ചില പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | ലഭിച്ച മാനുവൽ ടെണ്ടറുകളുടെ എണ്ണം. | കരാറുകാരുടെ വിവരം. | ക്വോട്ട് ചെയ്ത തുക |
|---|---|---|---|
| ഗവ.എസ്സ്എൻഡിപി, എൽ പി എസ്സ്,ചേന്നങ്കരി,മെയിന്റനൻസ്. (പ്രൊ.നം.SO09021) | 2 | 1. സുനിൽ, സുനിൽ മൻസിൽ<br>2.സതീഷ് കുമാർ | 355307/-<br>355190/- |
| കെ.ആർ പാലം മുതൽ ഖാദി ബോർഡ് വരെ നടപ്പാത മെയിന്റനൻസ്. (പ്രൊ.നം.45/21) | 2 | 1.സതീഷ് കുമാർ<br>2.പ്രവീൺ | 155721/-<br>155695/- |
| പഞ്ചായത്ത് ഓഫീസിന് മുൻവശം വടക്കോട്ട് പൌവ്വത്ത് കടവ് വരെ സംരക്ഷണഭിത്തി.(പ്രൊ.നം.206/21) | 2 | 1.സതീഷ് കുമാർ<br>2.സുനിൽ, സുനിൽ മൻസിൽ | 318298/-<br>318321/- |
| 4-ാം വാർഡിൽ കെ.ആർ പാലം മുതൽ കണിച്ചേരി ജംഗ്ഷൻ വരെ നടപ്പാത മെയിന്റനൻസ്.(പ്രൊ.നം.46/21) | 2 | 1.സതീഷ് കുമാർ.<br>2.പ്രവീൺ. | 155721/-<br>155695/- |

മരാമത്ത് പ്രവർത്തികൾ ഈ രീതിയിൽ നിർവ്വഹിക്കപ്പെടുമ്പോൾ ആയത് കരാറുകാരന് കൂടുതൽ ആനുകൂല്യം ലഭ്യമാകുന്നതിന് കാരണമാകുന്നു. മത്സരാധിഷ്ഠിത ടെണ്ടർ/ ക്വട്ടേഷൻ ലഭ്യമാകുന്ന രീതിയിൽ വ്യാപകമായ പരസ്യം നൽകി മാത്രം മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ/ ക്വട്ടേഷൻ ക്ഷണിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ, അല്ലാത്തപക്ഷം ഈ ടെണ്ടർ മുഖേന പ്രവർത്തികൾ സ്വീകരിക്കുകയോ ചെയ്താൽ ഈ രീതിയിൽ ഉണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കാവുന്നതാണ്. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-35 മരാമത്ത് പ്രവർത്തികൾക്കായി ചെലവഴിക്കപ്പെടുന്ന തുകയിൽ ഭൂരിഭാഗവും ആസ്തി

## നിർമ്മാണത്തിനുപകരിക്കാത്ത ആവർത്തനചെലവുകളായി മാറുന്നു

ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം 84 മരാമത്ത് പ്രവർത്തികൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. ഇവയിൽ 57 എണ്ണമാണ് തൻവർഷം നടപ്പിലാക്കിയത്.(67.85%) നടപ്പിലാക്കിയ മരാമത്ത് പണികളിൽ തന്നെ 27 എണ്ണം നടപ്പാത നിർമ്മാണം/ പുനരുദ്ധാരണം ആണ്.കേവലം ഒരു ടാറിംഗ് പ്രവർത്തി മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. നടപ്പിലാക്കിയ പ്രവർത്തികളിൽ ഏകദേശം 50% ഓളം പ്രവർത്തികളും ദീർഘകാലം നിലനിലനിൽക്കാത്ത, എല്ലാവർഷവും പണം മുടക്കി പുനരുദ്ധാരണം നടത്തേണ്ട ആവർത്തന സ്വഭാവമുള്ള മൺപണികൾ മാത്രമായി മാറുന്നു. പദ്ധതിപ്പണത്തിന്റെ ഈ രീതിയിലുള്ള വിനിയോഗം ഒട്ടും ആശാസ്യമല്ല.ആസ്തി രജിസ്റ്ററിന്റെയും, റോഡ് കണക്ടിവിറ്റി മാപ്പിന്റെയും അടിസ്ഥാനത്തിൽ, ദീർഘകാലം നിലനിൽക്കുന്നതും, പൊതുജനങ്ങളുടെ ദീർഘകാല ആവശ്യം നിറവേറ്റുന്നതുമായ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 പദ്ധതി ചെലവിന്റെ നല്ലൊരു പങ്കം ചെലവഴിക്കപ്പെടാതെ പാഴായി-

കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ സുലേഖയിൽ നിന്നുള്ള ചെലവ് കണക്കുകൾ പ്രകാരം ആകെ വകയിരുത്തിയിരുന്നത് 134449155/- രൂപയായിരുന്നു. എന്നാൽ തൻവർഷം ചെലവഴിക്കപ്പെട്ടത് കേവലം 62183543/-രൂപ മാത്രമാണ് (46.25%).ഏകദേശം പകുതിയിലേറെ തുക തൻവർഷം ചെലവഴിക്കപ്പെട്ടില്ല എന്നത് ശ്രദ്ധേയമാണ്.ഇപ്രകാരം വകയിരുത്തപ്പെടുന്ന തുക വിനിയോഗിക്കപ്പെടാതെ നഷ്ടമാകുന്നത് മൂലം അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങളാണ് നഷ്ടമാകുന്നത്.ആയത് ശരിയായ പ്രവണതയല്ല. കോവിഡ് പ്രതിസന്ധി സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടെങ്കിലുംപദ്ധതി ചെലവിലെ കുറവ് ആത്യന്തികമായി സാധാരണ ജനങ്ങളെയാണ് ബാധിച്ചിട്ടുള്ളത്. ഈ കുറവുകൾ പരിഹരിക്കുന്ന രീതിയിൽ തുടർ വർഷങ്ങളിൽ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെയും, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-37 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്-

2020-21 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.പ്രൊജക്റ്റ് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള മോണിട്ടറിംഗ് റിപ്പോർട്ടിൽ അംഗങ്ങൾ ഒപ്പുവെച്ചിട്ടുണ്ടെന്നല്ലാതെ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല.

2.പ്രൊജക്റ്റിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

3. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലൊന്നും തന്നെ ആയത് കൈപ്പറ്റി കരാറുകാരൻ , ഒപ്പം തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

4. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012/PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

5.1997 ലെ കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടേയില്ല.

6. 1997 ലെ കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായകുറിപ്പോടെ ,ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള ഒരു പ്രവർത്തിയിലും, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരനുമായി വെച്ചിട്ടുള്ള ചില കരാറിൽ ഒന്നും രേഖപ്പെടുത്താതെ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു.

8.എഗ്രിമെന്റ് രജിസ്റ്ററിൽ പല പ്രവർത്തികളുടെയുംPAC, സെക്യൂരിറ്റി തുകയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല.

9. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ പല ആസ്തികളുടെയും നിർമ്മാണ വർഷം, നിർമ്മാണ ചെലവ് തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.

10. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തിൽ നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാൻ,റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/2020-21/ 07-09-2021) ലഭിച്ച മറുപടിയിൽ മേൽ അപാകതകതൾ ഭാവിയിൽ ഒഴിവാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത് മേൽ രേഖപ്പെടുത്തിയ അപാകതകതൾ ഒഴിവാക്കുന്നതിന് മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും സത്വര ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 1-38 ഗ്രാമപഞ്ചായത്തിൽ ഉപയോഗത്തിലുള്ള പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കിയതിൽ ആധികാരികതയില്ല

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 241 പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 1,05,438/- രൂപ (241@5250/12) വാട്ടർ അതോറിറ്റിക്ക് നൽകിവരുന്നുണ്ട്. 28.09.2011 ലെ ജി.ഒ. (ആർ.ടി) 2242/2011/LSGD ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും ചേർന്ന് നടന്ന സംയുക്ത പരിശോധനാവിവരം ആരാഞ്ഞു നൽകിയ എൻക്വയറിക്ക് (നം.21/09.09.2021) സംയുക്ത പരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്തുകൾ നൽകിയിരുന്നു എങ്കിലും കോവിഡ് 19 സാഹചര്യം നിമിത്തവും പഞ്ചായത്ത്, നിയമസഭാ തെരെഞ്ഞെടുപ്പ് വന്നതിനാലും സംയുക്ത പരിശോധന നടത്തുവാനായി സാധിച്ചില്ല എന്ന് മറുപടി ലഭ്യമാക്കി. േഎന്നാൽ മാർച്ച് 2021 ലെ ഡിമാന്റ് നോട്ടീസിൽ 197 ടാപ്പുകൾ എന്ന് രേഖപ്പെടുത്തി അതനുസരിച്ചുള്ള ചാർജ്ജാണ് ഈടാക്കിയിട്ടുള്ളത്. പൊതു ടാപ്പുകളുടെ എണ്ണം ഇപ്രകാരം കുറവ് ചെയ്തത് സംബന്ധിച്ച് രേഖകളൊന്നും തന്നെ പരിശോധയ്ക്ക് ഹാജരാക്കിയില്ല. യാതൊരു ആധികാരികതയും ഇല്ലാതെയാണ് പൊതു ടാപ്പുകളുടെ എണ്ണം കുറവ്ചെയ്തിരിക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ നിന്നും വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റി ഈടാക്കിക്കൊണ്ടിരിക്കുന്ന തുക കൃത്യമാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി അടിയന്തിരമായി സംയുക്ത പരിശോധന നടത്തേണ്ടതും ഉപയോഗത്തിലുള്ള ടാപ്പുകളുടെ മാത്രം വാട്ടർചാർജ്ജ് ഒടുക്കേണ്ടതുമാണ്. ഈയിനത്തിലെ ചെലവ് കുറയ്ക്കുവാനുള്ള സത്വര നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-39 തൊഴിലുറപ്പ് പദ്ധതി അവലോകനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം 2020-21 സാമ്പത്തിക വർഷം ആകെ, 350 പ്രവർത്തികളാണ് ആക്ഷൻ പ്ലാൻ പ്രകാരം ഉണ്ടായിരുന്നത് ഇതിൽ 152 എണ്ണം ആരംഭിച്ച, ആരംഭിച്ചിട്ട് ഉപേക്ഷിച്ചത് 2, ആരംഭിക്കാത്തത് 272 വീതമാണ്. റോഡ് കോൺക്രീറ്റ് പ്രവർത്തികൾ ഒന്നും നിർവ്വഹിക്കപ്പെട്ടിട്ടില്ല, മെറ്റീരിയൽ ഉപയോഗിച്ച പ്രവർത്തികളിൽ ഏറെയും കയർഭൂവസ്ത്രം പ്രോജക്ടുകളായിരുന്നു.

2020-21 വരെ ആകെ 3246പേരാണ് തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിന് രജിസ്റ്റർ ചെയ്തിരുന്നത്. തൻവർഷത്തെ മാത്രം രജിസ്ട്രേഷൻ 23 ആണ്. 171716മനുഷ്യദിനമുള്ള പ്രവർത്തികൾ നിർവ്വഹിക്കപ്പെട്ടു. 100 ദിവസം

തൊഴിൽ ലഭിച്ചത് 282 കുടുംബങ്ങൾക്കാണ്.

ശമ്പളം ഉൾപ്പെടെ ഭരണച്ചെലവ് 1137334/- രൂപയാണ്. വേതനം /മെറ്റീരിയൽ / സ്കിൽഡ്/സെമി സ്കിൽഡ് ഇനത്തിലെ ചെലവിന്റെ വിശദവിവരം:

വേതന ചെലവ് വിവരം: 49097838

മെറ്റീരിയൽ ചെലവ് വിവരം:8517789

സ്കിൽഡ്/ സെമി സ്കിൽഡ് ഇനത്തിൽ:137642

ടി ചെലവുകളെല്ലാം തൻവർഷത്തേക്കുള്ളതായിരുന്നു, മുൻവർഷ ചെലവുകൾ ഉൾപ്പെട്ടിട്ടില്ല.
അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിനും, ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അതുവഴി രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും 100 തൊഴിൽദിനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-40 ലൈഫ് ഭവനപദ്ധതി -അവലോകനം

1)ലൈഫ് ഭവനപദ്ധതി പ്രകാരം 2020-21 വരെ ആകെ 115 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്.ജനറൽ വിഭാഗത്തിലും 105 പേരും എസ്.സി വിഭാഗത്തിൽ 10 പേരും, 115 ഗുണഭോക്താക്കളിൽ 107 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചതാണ് . ബാക്കിയുള്ളവരുടെ ഭവന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം | പേര് മേൽവിലാസം | ജനറൽ/എസ് സി | പണി പൂർത്തീകരിച്ച സ്റ്റേജ് | നൽകിയ ആകെ തുക |
|---|---|---|---|---|
| 1 | വിനോദ് ,കൃഷ്ണാലയം | ജനറൽ | ലിന്റൽ | 325000 |
| 2 | തിലകമ്മ സോമിലാ | ജനറല് | ലിന്റൽ | 300000 |
| 3 | സിന്ധുബിജു,തെക്കേ പൗവ്വം | ജനറല് | ലിന്റൽ | 250000 |
| 4 | കെ.കെ.പുരുഷോത്തമൻ,ക്കുവക്കാട്ടുചിറ | ജനറല് | പണി ആരംഭിച്ചിട്ടില്ല | 140000 |
| 5 | കെ.ജി.മണിയൻ .എസ് .എൻ ഭവൻ | ജനറല് | പണി ആരംഭിച്ചിട്ടില്ല | 40000 |
| 6 | ചന്ദ്രബാബു പുതുവൽ | എസ്.സി | പണി ആരംഭിച്ചിട്ടില്ല | 40000 |
| 7 | വിക്രമൻ,കനകശ്ശേരിചിറ | എസ്.സി | പണി.ആരംഭിച്ചിട്ടില്ല | 40000 |
| 8 | സുമ സന്തോഷ്,ചെറുകാട്ടുചിറ | ജനറൽ | ലിന്റൽ | 300000 |

പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ ഈ വിഷയം അവതരിപ്പിച്ച് മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2) ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ പ്രകാരം സ്ഥലം 9 ഗുണഭോക്താക്കൾക്ക വാങ്ങി നൽകിയിട്ടുണ്ട് വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | പേര് മേൽവിലാസം | ജനറൽ/ എസ് സി | പണി പൂർത്തീകരിച്ച സ്റ്റേജ് | സ്ഥലം വാങ്ങിയതിന് നൽകിയ തുക | വീടിന് കരാർവെച്ച് നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ജയൻ കൊച്ചുപറമ്പ് | എസ്.സി | അടിത്തറപണികൾ നടക്കുന്നു | 225000/2019-20 | 40000 | |
| 2 | ജയ മോനിച്ചൻ കപ്പാത്തറ | എസ്.സി | അടിത്തറപണികൾ നടക്കുന്നു | 225000/2020-21 | 40000 | |
| 3 | ഡോളി വല്യാറ | എസ്.സി | അടിത്തറപണികൾ നടക്കുന്നു | 225000/2020-21 | 40000 | |
| 4 | അഭിലാഷ് കായിത്തറ | എസ്.സി | അടിത്തറപണികൾ നടക്കുന്നു | 225000/2020-21 | | സ്ഥലം തലവടി ഗ്രാമപഞ്ചായത്തിലാണ് വാങ്ങി നൽകിയത് |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 5 | സുമ സന്തോഷ് .ചെറുകോട്ട് ചിറ | | ലിന്റൽ | 200000/20-21 | 30000 | |
| 6 | തങ്കമണി ബാബു.പാലയ്ക്കൽ പുത്തൻചിറ | ജനറൽ | അടിത്തറ പണികൾ നടക്കുന്നു | 200000/20-21 | 40000 | |
| 7 | ലിസമ്മ പട്ടരുപറമ്പിൽ | ജനറൽ | അടിത്തറ പണികൾ നടക്കുന്നു | 200000/20-21 | 40000 | |
| 8 | മണിയമ്മ രവി വയൽവാരം | ജനറൽ | | 200000/20-21 | | സ്ഥലം വാങ്ങി നൽകിയത് പാറത്തോട് പഞ്ചായത്തിൽ |
| 9 | ഉഷ ഷിബു.,പുതുവൽ | ജനറൽ | | 200000/20-21 | | സ്ഥലം വാങ്ങി നൽകിയത് അമ്പലപ്പുഴ ഗ്രാമപഞ്ചായത്തിൽ |
| | | | | | | |

ഭവനപദ്ധതി പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 1/06-09-21 നൽകിയ മറുപടിയിൽ വെള്ളപ്പൊക്കവും സാമ്പത്തിക പ്രതിസന്ധി മൂലവും പല ഗുണഭോക്താക്കളുടെയും പണി മുടങ്ങിയതെന്നും,ചില ഗുണഭോക്താക്കളുടെ വീടുകൾ പാടത്തിന് നടുക്കായതിനാൽ(കെ.കെ.പുരുഷോത്തമൻ,കുവക്കാട്ടുചിറ,കെ.ജി.മണിയൻ,എസ്.എൻ ചിറ)സാധനങ്ങൾ എത്തിയ്ക്കുന്നതിന് സാമ്പത്തിക ചിലവ് കൂടുതലാകുന്നുവെന്നും,ശ്രീ.ചന്ദ്രബാബു പുതുവൽ,വിക്രമൻ കനകശ്ശേരി ചിറ എന്നിവർ സ്ഥിരമായ മടവീഴ്ച മൂലം വെള്ളപ്പൊക്ക ദുരിതം നേരിടുന്ന കനകാശ്ശേരി പാടശേഖരത്തിന് നടുക്ക് താമസിയ്ക്കുന്നത് മൂലം ഭവനനിർമ്മാണം തുടങ്ങാൻ സാധിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.ഭവനപദ്ധതി തുടങ്ങാത്ത ഗുണഭോക്താക്കൾക്ക് നേരിട്ടും നോട്ടീസ് മുഖേനയും ഭവനനിർമ്മാണം തുടങ്ങേണ്ടതാണെന്നും,അല്ലാത്തപക്ഷം കൈപ്പറ്റയ തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്നും അറിയിച്ചിട്ടുള്ളതാണെന്നും ,കൂടാതെ പ്രസിഡന്റിന്റെയും മെമ്പർമാരുടെയും സാന്നിധ്യത്തിൽ ഗുണഭോക്താക്കളെ വിളിച്ചുകൂട്ടി അവരുടെ പ്രശ്നങ്ങൾ അറിയിക്കുകയും,ആയതിന്റെ അടിസ്ഥാനത്തിൽ സന്നദ്ധസംഘടനകളുടെയും വാർഡ് സമിതികളുടെയും സഹകരണത്തോട് കൂടി ആവശ്യമായ സഹായങ്ങൾ നൽകി ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ഗ്രഹനിർമ്മാണം തുടങ്ങാത്ത ഗുണഭോക്താക്കൾ ഭവനനിർമ്മാണം തുടങ്ങാത്തപക്ഷം ഇവരിൽ നിന്നും നൽകിയ തുക പലിശസഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 തൊഴിലുറപ്പ് പദ്ധതി-മുളയാണി ഉണ്ടാക്കുന്നതിനുള്ള പ്രവർത്തി ആവർത്തിച്ച് അധികച്ചെലവ്.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കപ്പെട്ടിട്ടുണ്ട്. കയർഭൂവസ്ത്രം, മുള എന്നീ മെറ്റീരിയലുകളാണ് പ്രോജക്ടുകളിൽ ഉപയോഗിക്കപ്പെടുന്നത്. താഴെച്ചേർക്കുന്ന പ്രവർത്തികളിൽ കയർഭൂവസ്ത്രം ഉറപ്പിക്കുന്നതിലേക്കുള്ള മുളയാണികൾ ഉണ്ടാക്കിയതിന് വിവിധ സ്പെസിഫിക്കേഷനിൽ പ്രകാരം, മുളയാണി ഉണ്ടാക്കലിനായി നിരക്ക് അനുവദിച്ച് ആവർത്തനച്ചെലവ് വന്നിട്ടുണ്ട്. മുളയാണി സപ്ലൈചെയ്യുന്നതിന്റെ സ്പെസിഫിക്കേഷനിൽ, നം.80.8.59, മുള ലഭ്യമാകുന്നത് തന്നെ Supplying And

Stacking Bamboo At Site(25mm Dia And 2.5m Long) എന്ന് പരാമർശിച്ചിട്ടുണ്ട്. അതായത് ഈ അളവിൽ ചെറുതാക്കി മുറിച്ച മുളയ്ക്കാണ് വില നല്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. ടി സ്പെസിഫിക്കേഷനിൽ ഒരു മുളയ്ക്ക് വിലയായി 650/-രൂപയാണ് നിരക്ക്. ഇത് യാഥാർത്ഥ്യത്തിന് നിരക്കുന്നതോ ലഭ്യമാക്കിയ വൌച്ചറുകളുമായി പൊരുത്തപ്പെടുന്നതോ അല്ല. എന്നിരിക്കിലും ആയത് ചെറുതാക്കി മുറിച്ച മുളയുടെ വിലയായി പരിഗണിച്ചാൽ തന്നെ വീണ്ടും മുള ചെറുതാക്കുന്നതിനുള്ള പ്രവർത്തി രണ്ട് ഇനങ്ങളായി നിർവ്വഹിക്കപ്പെട്ടു.

1. ഇനം നം.80.8.19ൽ For Cutting And Making Bamboo Scantling 1 Metre

2.ഇനം നം.80.8.63 ൽ Labour Charges For Cutting Of Coir Geo Textile At Appropriate Size For Any Slope And Making Bamboo Nails Of Size25cm Long And 2.5cm Width For Fixing Geo Textiles On The Side Of The Water Body And Laying And Fixing It Using Appropriate J Clips/Bamboo Stakes As Per The Specificcation And Turfing The Geo Textiled Area With The Locally Available Deep Fibrous Rooted Grass. എന്നിവയാണ് അവ.

രണ്ടാമത്തെ ഇനം പ്രവർത്തിയിൽ ആദ്യ ഇനം ഉൾക്കൊള്ളുന്നതായി കാണുന്നതിനാലും, മുള സപ്ലൈ ചെയ്യപ്പെട്ടത് തന്നെ മുറിച്ച നിലയിലാണെന്ന് പരിഗണിച്ചും ഇതിൽ ആദ്യ ഇനം (80.8.19)അംഗീകരിക്കാവുന്നതല്ല.

എ)വാർഡ് 3, ചെറുകായൽച്ചിറ മുതൽ കിഴക്കോട്ട് പുത്തൻപറമ്പ് വരെ നടുബണ്ട് കയർഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുക, റീച്ച്2, എം-ബുക്ക് നം.60/2020-21

ടി പ്രവർത്തിക്ക് വേണ്ടി മുള നല്കിയ രാജിമോൾ.കെ, കിഴക്കേമഠംചിറ, കുട്ടമംഗലം എന്നയാളുടെ വൌച്ചറിൽ 10മുളകൾക്ക് 75രൂപ നിരക്കിൽ 750/- രൂപ വീതം കൈപ്പറ്റിയതായാണ് പരാമർശം. എന്നാൽ മുളയുടെ വിലയിനത്തിൽ 950/-രൂപയാണ് പ്രോജക്ടിൽ നല്കിയിട്ടുള്ളത്. വൌച്ചറിലുള്ള വിലയാണ് അംഗീകരിക്കാവുന്നത്, അധികമായി 200/- രൂപ നല്കി.

ടി പ്രവർത്തിയിൽ മുളയാണി സപ്ലൈചെയ്യുന്ന നം.80.8.59, ഇനത്തിൽ 1.5ന്റെ യൂണിറ്റിന് 650/-നിരക്കിൽ 975/-രൂപ നല്കി. തുടർന്ന് ഇനം.80.8.19ൽ 500മീറ്ററിന് 12.135നിരക്കിൽ ആകെ 6067/-രൂപ നല്കിയിട്ടുമുണ്ട്. തുടർന്ന് ഇതേ പ്രവർത്തി ഐറ്റം. നം.80.8.63 പ്രകാരവും ചെയ്തു കാണുന്നു, ഈ ഇനത്തിൽ ആകെ 2000 ചതു.മീറ്ററിന് 71.586 നിരക്കിൽ 143172/- രൂപ നല്കിയിട്ടുണ്ട്. ഈ ഇനം പ്രവർത്തിയിൽ മുളയാണി ഉണ്ടാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തികൾ ഉൾക്കൊള്ളുന്നതിനാൽ ഇനം. 80.8.19ൽ നല്കിയ 6067/-രൂപ അംഗീകരിക്കാവുന്നതല്ല. മുളയ്ക്ക് വിലയായി അധികം നല്കിയ 200/-രൂപയുൾപ്പെടെ ടി പ്രവർത്തിയിൽ 6267/-രൂപയാണ് അധികച്ചെലവ്.

ബി)വാർഡ് 11, തുരുത്തുകൾക്ക് ചുറ്റും മാടി പിടിപ്പിച്ച് കയർഭൂവസ്ത്രം വിരിക്കുക-പഴൂർ റീച്ച് 2. എം-ബുക്ക് നം.91/2020-21

ടി പ്രവർത്തിയിലും മുളയാണി സപ്ലൈചെയ്യുന്നതിന്റെ സ്പെസിഫിക്കേഷനിൽ, നം.80.8.59, 2ന്റെ യൂണിറ്റിന് 650/-നിരക്കിൽ 1300/-രൂപ നല്കിയിട്ടുമുണ്ട്. തുടർന്ന് ഇനം.80.8.19ൽ 174മീറ്ററിന് 12.135നിരക്കിൽ ആകെ 2111.49/-രൂപ നല്കിയിട്ടുമുണ്ട്. തുടർന്ന് ഇതേ പ്രവർത്തി ഐറ്റം. നം.80.8.63 പ്രകാരവും ചെയ്തു കാണുന്നു, ടി പ്രവർത്തിക്ക് ആകെ 3139.2 ചതു.മീറ്ററിന് 71.586 നിരക്കിൽ 224722.7/- രൂപ നല്കിയിട്ടുണ്ട്. ഈ 80.8.63 പ്രവർത്തിയിൽ മുളയാണി ഉണ്ടാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തികൾ ഉൾക്കൊള്ളുന്നതിനാൽ 80.8.19ൽ ഇതേ പ്രവർത്തി ആവർത്തിച്ച് വന്നത് മൂലമുള്ള ചെലവ് 2111.49/-രൂപ അംഗീകരിക്കാവുന്നതല്ല.

ഓഡിറ്റ് അന്വേഷണത്തിനുള്ള(നം.31/20-21)മറുപടിയിൽ, ടി പ്രവർത്തികൾ ആവർത്തിച്ചിട്ടില്ലെന്നും 2.5മീറ്റർ നീളത്തിൽ ലഭ്യമായ മുളകളെ വീണ്ടും ഒരു മീറ്റർ അളവിൽ ചെറുതാക്കുകയും വീണ്ടും 25സെ.മീ. ആയി ചെറുതാക്കുകയും ചെയ്യുകയായിരുന്നുവെന്നും ഇപ്രകാരമുള്ള ഐറ്റം നല്കാതെ അക്കാലയളവിൽ പ്രവർത്തിക്ക് അംഗീകാരം ലഭിക്കുകയില്ലായിരുന്നുവെന്നുമാണ് മറുപടി. എന്നാൽ ആയത് അംഗീകരിക്കാവുന്നതല്ല. രണ്ടരമീറ്ററായി ലഭ്യമായ മുളയെ വീണ്ടും ഒരു ഇനം നല്കി ഒരു മീറ്ററാക്കി എന്നത് തന്നെ അനാവശ്യമായ പ്രവർത്തിയായിരുന്നെന്ന് കാണുന്നു. എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്നതിനായി ആവശ്യമില്ലാത്ത ആവർത്തിച്ചുള്ള പ്രവർത്തി നടത്തേണ്ടിയിരുന്നില്ല.

രണ്ട് പ്രവർത്തികളിലുമായി അംഗീകരിക്കാനാകാത്ത ആകെ ചെലവ് 8378.49/-രൂപ

ഡിസ്പ്ലേ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തികളുടെ ഭാഗമമായി സിറ്റിസൺസ് ഇൻഫർമേഷൻ ബോർഡുകൾക്ക് (ഡിസ്പ്ലേ ബോർഡ്) ബോർഡിന്റെ ബില്ല് പ്രവർത്തികൾക്കൊപ്പം ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ തൊഴിലുറപ്പ് വിഭാഗത്തിൽ സൂക്ഷിക്കുന്ന പ്രോക്യൂർമെന്റ് കമ്മറ്റി രജിസ്റ്ററിൽ 25.08.2020ലെ തീരുമാനം I ആയി, “ഡിസ്പ്ലേ ബോർഡ് 3500/-നിരക്കിൽ പ്രവർത്തി നടക്കുന്ന സൈറ്റിൽ സുനിൽകുമാർ പി വി, വാർഡ്6, എന്ന വ്യക്തിയെക്കൊണ്ട് സപ്ലൈ നല്കാൻ തീരുമാനിച്ചു” - എന്ന് പരാമർശിച്ചിട്ടുണ്ട്. ക്വട്ടേഷനുകളുടെ വിവരം കമ്മറ്റി ചർച്ച ചെയ്തു കാണുന്നില്ല.

ഡിസ്പ്ലെ ബോർഡിന്റെ വലിപ്പം, ബോർഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുവിന്റെ സ്പെസിഫിക്കേഷൻ ഇവ പരാമർശിച്ചുകൊണ്ട് ഡിസ്പ്ലേ ബോർഡുകളുടെ പർച്ചേസിംഗിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

## 3-2 സംരക്ഷണ ഭിത്തിയുടെ ഉയരത്തേക്കാൾ അധികം ഫില്ലിംഗ്-അധികച്ചെലവ്

നോർത്ത് ജെട്ടി മുതൽ കുഞ്ഞുകുഞ്ഞിന്റെ വീട് വരെ സംരക്ഷണഭിത്തി –
പ്രൊജക്റ്റ് നം - SO119/20

കരാറുകാരൻ - ജഗദേവൻ.എ.പി

ബിൽ നം, തീയതി, തുക - 1) 01/20-21, 22-04-21, 500000/-

2) 10/20-21,21-05-21, 58802/-

3) 26/20-21, 24-11-21, 107686/-

ആകെമൂല്യം - 666497/-

M Book - 05/19-20

2020-21 വർഷം അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 1-ാം വാർഡിൽ നോർത്ത് ജെട്ടി മുതൽ കുഞ്ഞുകുഞ്ഞിന്റെ വീട് വരെ സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവർത്തിയുടെ ആദ്യ എസ്റ്റിമേറ്റിൽ 135 മീറ്റർ നീളത്തിൽ കല്ല് കെട്ട് മാത്രമായിരുന്നു ഉൾപ്പെടുത്തിയിരുന്നത്.പിന്നീട് ഈ പ്രവർത്തിയുടെ ടെണ്ടർ തുകയിൽ സേവിംഗ്സ് ഉള്ളതിനാൽ ആ തുക ഉപയോഗിച്ച് കായൽ കട്ടകൊണ്ട് നടപ്പാത നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 29-02-2020 ലെ 1(6)-ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകി.അളവുപുസ്തകം പേജ് 30 പ്രകാരം 135 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തിയുടെ ഇരുവശവും ഫില്ലിംഗ് നടത്തിയിട്ടുണ്ട്.ആയതിന് എം3 ന് 365.41 രൂപ നിരക്കിൽ 265 M3 ന് 96833/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.അളവു പുസ്തകം പ്രകാരം കായൽ കട്ട ഉപയോഗിച്ച് നടത്തിയ ഫില്ലിംഗിന്റെ അളവ് ചുവടെ ചേർക്കുന്നു.

1x60x0.65x1.80 = 70.20

1x30x0.70x1.80 = 37.80

1x30x0.70x1.90 = 39.90

1x15x0.65x1.80 = 17.55

165.45m3

കൂടാതെ ഇതിന് മുകളിൽ 135 മീറ്റർ നീളത്തിലും, 0.50 Cm. കനത്തിലും ടോപ്പ് ഫില്ലിംഗും നടത്തിയിട്ടുണ്ട്.

അളവുപുസ്തകം പ്രകാരം 135 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിച്ചിരിക്കുന്നതിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

1x7.05x0.72x0.65 = 3.299m3

1x52.95 X 0.72 X 0.70 = 26.686 M3

1x77.30 X 0.765 X 1.15 = 68.00 M3

ആകെ = 97.99 M3

ഇതിൽ ആദ്യത്തെ 60 മീറ്റർ നീളത്തിലുള്ള സംരക്ഷണഭിത്തിയുടെ DR, Belt, Belt ന് മുകളിലുള്ള DR, RR എന്നിവ നിർമ്മിച്ചതിന്റെ ഉയരവും, അതിന് ശേഷമുള്ള ആകെ ഉയരവും ചുവടെ ചേർക്കുന്നു.

| നീളം | DR ന്റെ ഉയരം | Belt ന്റെ ഉയരം | Belt ന് മുകളിലുള്ള DR ന്റെ ഉയരം | RR ന്റെ ഉയരം | സംരക്ഷണഭിത്തിയുടെ ആകെ ഉയരം. |
|---|---|---|---|---|---|
| 52.95 മീറ്റർ | 0.70 സെ.മീ. | 10 സെ.മീ. | 0.25 സെ.മീ. | 0.30 സെ.മീ. | 1.35 മീറ്റർ |
| 7.05 മീറ്റർ | 0.65 സെ.മീ. | 10 സെ.മീ. | 0.25 സെ.മീ. | 0.30 സെ.മീ. | 1.30 മീറ്റർ |

മേൽ കണക്കുകൾ പരിശോധിച്ചാൽ സംരക്ഷണഭിത്തിയുടെ ആകെ ഉയരം ആദ്യത്തെ 52.95 മീറ്ററിൽ 1.35 മീറ്ററും, തുടർന്നുള്ള 7.05 മീറ്ററിൽ 1.30 മീറ്ററുമാണ് ഉയരം രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അളവുപുസ്തകം പ്രകാരം ആദ്യത്തെ

60 മീറ്ററിൽ കായൽ കട്ട ഉപയോഗിച്ചുള്ള ഫില്ലിംഗിന് 1x60x0.65x1.80 എന്ന അളവിലാണ് ഫില്ലിംഗ് നടത്തിയിട്ടുള്ളത്. കൂടാതെ ആകെയുള്ള 135 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തിയുടെ മുകൾഭാഗം 50 സെ.മീ. കനത്തിൽ ടോപ്പ് ഫില്ലിംഗും നടത്തിയിട്ടുണ്ട്. ആകെ 2.30 മീറ്റർ ഉയരത്തിൽ സംരക്ഷണഭിത്തിയുടെ ആദ്യ 60 മീറ്ററിൽ ഫില്ലിംഗ് നടത്തിയിട്ടുണ്ട്. 1.35 മീറ്റർ ഉയരത്തിലുള്ള സംരക്ഷണഭിത്തിക്ക് പരമാവധി ആ ഉയരത്തിൽ മാത്രമെ ഫില്ലിംഗ് നടത്താനാകൂ എന്നിരിക്കെ 2.30 മീറ്റർ ഉയരത്തിൽ ഫില്ലിംഗ് നടത്തിയത് മൂലം അധിക ചെലവുണ്ടായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അളവു പുസ്തകം പ്രകാരം 60 മീറ്ററിൽ ഫില്ലിംഗ് നടത്തിയതിന്റെ അളവും നൽകിയ തുകയും ചുവടെ ചേർക്കുന്നു.

1x60 X 0.65 X 1.80 = 70.20m3

1x30x1.60 X0.50 = 24m3

1x30x 2.0 X0.50 = 30m3

ആകെ = 124.20m3

നൽകിയ തുക = 124.20m3 X 365.41 രൂപ = 45383.00 + 5446 (12% GST)

= 50829.00 രൂപ

60 മീറ്ററിൽ ഫില്ലിംഗ് നടത്തുന്നതിന് അനുവദനീയമായ അളവും തുകയും =

7.05x0.70 X 1.30 = 6.41 M3

52.95 X 0.65 X 1.35 = 46.46 M3

ടോപ്പ് ഫില്ലിംഗ്-

1x30x1.60 X0.50 = 24m3

1x30x 2.0 X0.50 = 30m3

ആകെ = 106.87m3

അനുവദനീയമായ തുക = 106.87m3 X 365.41 രൂപ = 39051.00 + 4686 (12% GST)=43737.00 രൂപ

അധികം നൽകിയത് = 50829.00 - 43737.00 = 7092.00 രൂപ

മേൽ സൂചിപ്പിച്ച പ്രകാരം അധികം തുക ചെലവഴിച്ചത് സംബന്ധിച്ചിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്( ഓഡിറ്റ് എൻക്വയറി-5/ 07-09-2021) ലഭ്യമാക്കിയ മറുപടിയിൽ വെള്ളപ്പൊക്കത്തിൽ സംരക്ഷണഭിത്തി തകർന്നതിനാൽ ടി ഭാഗത്ത് നടപ്പാത നിലവിലെ സംരക്ഷണഭിത്തിയിൽ നിന്നും വളരെയധികം താഴ്ന്ന കിടന്നിരുന്നതിനാലാണ് ഈ ഭാഗത്ത് ഉയർത്തി നിർമ്മിച്ച സംരക്ഷണഭിത്തിയുടെ ഭാഗത്തെക്കാൾ കൂടുതൽ ഫില്ലിംഗ് ആവശ്യമായി വന്നതെന്നും, ചെളി താഴ്ന്ന പോകുന്നതിനാലാണ് നിലവിലുള്ള സംരക്ഷണഭിത്തിയെക്കാൾ ഉയർത്തി ഫില്ലിംഗ് നടത്തിയിരുന്നതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ ഇതു സംബന്ധിച്ച് യാതൊന്നും തന്നെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല, സംരക്ഷണഭിത്തിയെക്കാൾ ഏകദേശം ഒരു മീറ്ററോളം ഉയരത്തിൽ ഫില്ലിംഗ് നടത്തിയാൽ അതിനുപയോഗിച്ച കായൽകട്ട മുഴുവനും ഒറ്റ മഴയ്ക്ക് തന്നെ താഴേയ്ക്ക് ഒഴുകിപ്പോകും എന്നത് വ്യക്തമാണ്. അതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അധികം നൽകിയ 7092/-രൂപ അളവുകൾ തെറ്റായി രേഖപ്പെടുത്തി , അധിക മൂല്യനിർണ്ണയം നടത്തി , തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |
| ബ്ലോക്ക് | | 104600 | 189/21 പാലിയേറ്റിവ് | 86909 | 17691 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | കെയർ | | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 200000 | 09/2021 ലൈഫ് ഭവന പദ്ധതി (ജനറൽ) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 190189 | 180/2021 ലൈഫ് ഭവന പദ്ധതി (എസ്.സി) | 140000 | 50189 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 100000 | 21/2021 അംഗൻവാടി പോഷകാഹാര പരിപാടി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 150000 | 31/21 ശാരീരികമാനസിക വെല്ലുവിളികൾനേരിടുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 50000 | വനിത പോഷകാഹാര പദ്ധതി | 0 | 50000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020 -2021 | 100000 | വനിത പോഷകാഹാര പദ്ധതി | 0 | 100000 |
| ആകെ | | | | | |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 1680152 | 112/21 നെൽകൃഷി വികസന പദ്ധതി | 1680152 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 450000 | 05/21 ലൈഫ് ഭവന പദ്ധതി (പട്ടികജാതി വിഭാഗം) | 450000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 400000 | 09/2021 ലൈഫ് ഭവന പദ്ധതി (ജനറൽ) | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 100000 | 21/2021 അംഗൻവാടി പോഷകാഹാര പരിപാടി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | | 4250 | അംഗൻവാടി പോഷകാഹാര പരിപാടി | 0 | 4250 |
| ജില്ലാ പഞ്ചായത്ത് | | 52572 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി വിഭാഗം) | 0 | 52572 |
| ആകെ | | 5023564 | | 2630152 | 56872 |

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.എച്ച്.ബി | 164/21.പഞ്ചായത്ത് ഓഫീസ് കെട്ടിടം | 22000321 | 3411750 | 0 | 3411750 |
| | 164/21.പഞ്ചായത്ത് ഓഫീസ് കെട്ടിടം | 2200943 | 1100000 | 0 | 1100000 |
| | 164/21.പഞ്ചായത്ത് | 22000949 | 2163808 | 0 | 2163808 |

| | | | | | |
|---|---|---|---|---|---|
| | ഓഫീസ് കെട്ടിടം | | | | |
| | 164/21.പഞ്ചായത്ത് ഓഫീസ് കെട്ടിടം | 22001053 | 2000000 | 0 | 200000 |
| കെ.എസ്.ഇ.ബി | 190/21ഇലട്രിക് പോസ്റ്റ് | 22000745 | 32170 | 0 | 32170 |
| | | 22000833 | 30663 | 0 | 30663 |
| | | 22000842 | 53419 | 0 | 53419 |
| | | 22001008 | 12447 | 0 | 12447 |
| കെ.ഡബ്ല്യൂഎ | 221/21 | 22000954 | 600000 | 0 | 600000 |
| കെ.ഡബ്ല്യൂഎ | 215/21 | 22000955, 956 | 392300 | 0 | 392300 |
| കെ.ഡബ്ല്യൂഎ | 214/21 | 22000746 | 555000 | 0 | 555000 |
| കെ.ഡബ്ല്യൂഎ | 214/21 | 22000285 | 500000 | 0 | 500000 |
| കെ.ഡബ്ല്യൂഎ | 214/21 | 22000310 | 500000 | 0 | 500000 |
| കെ.ഡബ്ല്യൂഎ | | 22000548 | 1535000 | 0 | 1535000 |
| കെ.ഡബ്ല്യൂഎ | | 22000549 | 540000 | 0 | 540000 |
| | 215/21 | 22001076 | 27700 | 0 | 27700 |
| | 215/21 | 22001085 | 280000 | 0 | 280000 |
| പിഡബ്ല്യൂഡി ഇലട്രിക്കൽ വിഭാഗം,ആലപ്പുഴ | 96/21 ഇലട്രിക്കൽ കണക്ഷൻ | | 160000 | 0 | 160000 |
| കെൽട്രോൺ | 220/21 | 22000957 | 110000 | 0 | 110000 |
| | 220/21 | 22000958 | 9391 | 0 | 9391 |
| | 220/21 | 2200959 | 40036 | 0 | 40036 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. നീക്കിയിരിപ്പിൽ വാർഷിക കണക്കുമായി 1/-രൂപ* വ്യത്യാസം കാണുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | ഇല്ല | 19017169 | 1785098 | | 17232071* |
| ഇ.എം.എസ് | | | 12300 | 0 | 0 | 12300 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3571 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ | രശീത് നമ്പർ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പേരും ഉദ്യോഗപ്പേരും | തിയ്യതി |
| 2018-2019 | 1(25) | 3571 | ബിനോയി ബോസ് അസി എഞ്ചി. | 120020101101 തീയതി 12/02/2021 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-2007 | 25 | 2006-2007 | 25 | | നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2007-2008 | 8 | 2007-2008 | 8 | | നടപടികൾ സ്വീകരിച്ച് വരുന്നു |
| 2008-2009 | 10 | 2008-2009 | 10 | | നടപടികൾ സ്വീകരിച്ച് വരുന്നു |
| 2009-2010 | 8 | 2009-2010 | 8 | | നടപടികൾ സ്വീകരിച്ച് വരുന്നു |
| 2010-11,2011-12 | 22 | 2010-11,2011-12 | 22 | | നടപടികൾ സ്വീകരിച്ച് വരുന്നു |
| 2012-2013 | 12 | 2012-2013 | 12 | | നടപടികൾ സ്വീകരിച്ച് വരുന്നു |
| 2013-2014 | 15 | 2013-2014 | 15 | | നടപടികൾ സ്വീകരിച്ച് വരുന്നു |
| 2014-2015 | 13 | 2014-2015 | 13 | | നടപടികൾ സ്വീകരിച്ച് വരുന്നു |
| 2015-2016 | 11 | 2015-2016 | 11 | | നടപടികൾ സ്വീകരിച്ച് വരുന്നു |
| 2016-2017 | 18 | 2016-2017 | 18 | | നടപടികൾ സ്വീകരിച്ച് വരുന്നു |
| 2017-2018 | 7 | 2017-2018 | 7 | | നടപടികൾ സ്വീകരിച്ച് വരുന്നു |
| 2018-2019 | 16 | 2018-2019 | 16 | | നടപടികൾ സ്വീകരിച്ച് വരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 94202572 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 77177882 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15470.49 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7268346 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8378.49/ | ചിമ്മ ചന്ദ്രൻ, എ.ഇ, എൻ.ആർ.ഇ.ജി.എസ് |
| 3-2 | | 7092/- | ബിനോയ് ബോസ്.അസ്സി. എൻജിനീയർ |
| ആകെ | | 15470.49 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| നമ്പർ | | |
| 1-17 | 526585/ | സുജ ഫിലിപ്പ്, ഹെഡ്മിസ്ട്രസ്, ഗവ.യു.പി.സ്കൂൾ ചേന്നങ്കരി |
| 1-18 | 54816 | ശ്രീലക്ഷ്മി, കൃഷി ഓഫീസർ |
| 1-20 | 23882/- | ഡോ.അലക്സ്.പി.ജെ, മെഡിക്കൽ ഓഫീസർ ( ഹോമിയോ ) |
| 1-22(എ) | 89460/- | പി.വി.വിനോദ്, സെക്രട്ടറി |
| 1-22(ബി) | 500000/- | പി.വി.വിനോദ്, സെക്രട്ടറി |
| 1-24 | 555000/- | ടി.എഫ്.സെബാസ്റ്റ്യൻ,സെക്രട്ടറി |
| 1-25 | 1540000 | 1000000-പി.വി.വിനോദ്, സെക്രട്ടറി<br>540000-ടി.എഫ്.സെബാസ്റ്റ്യൻ,സെക്രട്ടറി |
| 1-26 | 782190/ | ഡോ.മനോജ് എ.എം, മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം ) |
| 1-27 | 11993/- | ഇന്ദു.ബി, അസി.സെക്രട്ടറി |
| 1-32 | 1649420 | 189420-പി.വി.വിനോദ്, സെക്രട്ടറി<br><br>1460000-ടി.എഫ്.സെബാസ്റ്റ്യൻ,സെക്രട്ടറി |
| 1-33 | 1535000/- | ടി.എഫ്.സെബാസ്റ്റ്യൻ,സെക്രട്ടറി |
| ആകെ | 7268346 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-1 | 8378.49/ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഇല്ല | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ചിന്മ ചന്ദ്രൻ, എ.ഇ, എം.എൻ.ആർ.ഇ.ജി.എ, | എം.എൻ.ആർ.ഇ.ജി.എ വിഭാഗം, കൈനകരി ഗ്രാമപഞ്ചായത്ത് | സരോവരം, ചാരമംഗലം, മുഹമ്മ.പി.ഒ, പിൻ-688525 |
| ബിനോയ് ബോസ്, എ.ഇ, എൽ.എസ്.ജി.ഡി | എൽ.എസ്.ജി.ഡി വിഭാഗം, കൈനകരി ഗ്രാമപഞ്ചായത്ത് | ശ്രീനന്ദനം, എസ്.എൻ.പുരം പി.ഒ, ചേർത്തല |
| ഡോ.മേരിക്കുഞ്ഞ്, വെറ്റി.സർൻ | വെറ്റി.സർജൻ, കൈനകരി ഗ്രാമപഞ്ചായത്ത് | മംഗലത്ത് വീട്, സനാതനപുരം പി.ഒ, കൈതവന, ആലപ്പുഴ |
| സുജഫിലിപ്പ്, എച്ച്.എം | എച്ച്.എം,ചേന്നംകരി. യു.പി.എസ് | വരമ്പത്തപാട്ടത്തിൽ, ചേന്നംകരി പടിഞ്ഞാറ്, ആലപ്പുഴ |
| ഡോ.മനോജ് | മെഡിക്കൽ ഓഫീസർ, | ശങ്കരനാരായണപുരം, |

| | | |
|---|---|---|
| എ.എം,മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം ) | ആയുർവേദ ഡിസ്പൻസറി, കൈനകരി. | പഴവീട്.പി.ഒ,ആലപ്പുഴ. |
| ഡോ.അലക്സ്.പി.ജെ, മെഡിക്കൽ ഓഫീസർ ( ഹോമിയോ | മെഡിക്കൽ ഓഫീസർ, കൈനകരി ഹോമിയോ ഡിസ്പൻസറി. | ജോൺസ് സാനിയ, കെ.പി.നഗർ. സനാതനപുരം.പി.ഒ, ആലപ്പുഴ. |
| ശ്രീലക്ഷ്മി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൈനകരി ഗ്രാമപഞ്ചായത്ത് | വരമ്പത്ത് വീട്, തോപ്പുംപടി, കൊച്ചി-9 |
| വിനോദ് പി, സെക്രട്ടറി | സെക്രട്ടറി, മുഹമ്മ ഗ്രാമപഞ്ചായത്ത് | പട്ടത്താനം, അവലൂക്കുന്ന്.പി.ഒ, ആലപ്പുഴ |
| സെബാസ്റ്റ്യൻ.ടി.എഫ് | സെക്രട്ടറി, കൈനകരി ഗ്രാമപഞ്ചായത്ത് | തെക്കുംമുറിയിൽ, വി.റ്റി.ആർ.എ.109, കോയിപ്പള്ളി ജം.ന് വടക്ക്, തത്തംപള്ളി പി.ഒ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2007-08 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2008-09 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2009-10 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2010-11, 2011-12 | എൽ.എഫ്. എ.പി.1-268/11.06.2013/29.06.2013 |
| 2012-13 | എൽ.എഫ്.എ.പി.1/1861/2014,22.12.2014/30.03.2015 |
| 2013-14 | എൽ.എഫ്.എ.പി-1-672/2015,23.07.2015/04.08.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി-പി1/210/16/21.03.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി-പി1/135/17/2.02.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി1/1243/17/07.08.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി1/322/19/12.06.2019 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/പി1/135/2020/29/05/2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്